# PHARMACY BULLETIN

The Official Publication of the Kerala Govt. Pharmacists' Association

K.G.P.A

Reg. No. 29377/78

Book No. 19 Vol. 01 September 2025





കെ.ജി.പി.എ. 67-ാമത് സംസ്ഥാന സമ്മേളനം
ബഹു. മന്ത്രി ശ്രീ കടന്നപ്പള്ളി രാമചന്ദ്രൻ
ഉദ്ഘാടനം ചെയ്യുന്നു

# കെ.ജി.പി.എ. സംസ്ഥാന ഭാരവാഹികൾ


അനിത ഡി. എൻ.
പ്രസിഡന്റ്


അഭിലാഷ് ജയറാം.
ജനറൽ സെക്രട്ടറി


ഗണേഷ് എസ്.
ട്രഷറർ


മനോജ് കുമാർ എം. എസ്.
വൈസ് പ്രസിഡന്റ്


വിനോദ് കുമാർ കെ.
വൈസ് പ്രസിഡന്റ്


ശ്രീലേഷ് പി.
വൈസ് പ്രസിഡന്റ്


ശുഭ എൻ.
സെക്രട്ടറി


വിനോദ് കുമാർ പി.
സെക്രട്ടറി


രൂപേഷ് കെ.
സെക്രട്ടറി


മനോജ് ടി. ജി.
ബുള്ളറ്റിൻ എഡിറ്റർ


ശ്രീവിദ്യ കെ. ജി.
ഓഫീസ് സെക്രട്ടറി

# കണ്ണൂർ സമ്മേളന കാഴ്ചകളിലൂടെ....










# PHARMACY BULLETIN

The Official Publication of the Kerala Govt. Pharmacists' Association

K. G. P. A

Book No. 19 Vol. 01 September 2025

Reg. No. 29377/78

*Managing Editor*

**D. N. ANITHA**

*Printer & Publisher*

**ABHILASH JAYARAM**

*Editor*

**MANOJ T. G.**

E-mail: manojpmst@gmail.com

Ph: 9747594837

*Editorial Board*

**MANOJ KUMAR M. S.**

**SREELESH P.**

**SUBHA N.**

**GANESH S.**

*Layout & Printing*

**Alwaye Press, Aluva**

0484-2623318, 9496281118

## ഉള്ളടക്കം

- എഡിറ്റോറിയൽ 02
  - മനോജ് ടി. ജി.
- വനിതാശാക്തീകരണം കെ.ജി.പി.എ.യിൽ 03
  - ഡി. എൻ. അനിത (പ്രസിഡന്റ്)
- ഫാർമാട്രിക്സ് 04
  - ശ്രീകുമാർ ആലപ്പുഴ
- ആർദ്രം... പൂർത്തീകരിക്കാത്ത പ്രതീക്ഷകൾ 05
  - അഭിലാഷ് ജയറാം (ജന. സെക്രട്ടറി)
- കണ്ണൂരിൽ നിന്ന്... കരിമ്പനകളുടെ നാട്ടിലേക്ക് 07
  - മനോജ് തൈത്തറ
- കെ.ജി.പി.എ. ചരിത്രം 10
  - എം. കെ. പ്രേമാനന്ദൻ
- എന്റെ സംഘടനാ ജീവിതം 12
  - എസ്. വിജയകുമാർ
- ഫാർമസിസ്റ്റ് അനുഭവക്കുറിപ്പ് 14
  - ശ്രീവിദ്യ കെ.വി.
- പനിച്ചൂട് - കവിത 15
  - ശ്രീവിദ്യ കെ.വി.
- വ്യക്തിവിശേഷം - കെ.സി. തോമസ് 16
  - മനോജ് കുമാർ എം.എസ്.
- എസ് വിജയകുമാർ സർവ്വീസിൽ നിന്നും വിരമിച്ചു 18
- സർവ്വീസിൽ നിന്നും വിരമിച്ചവർ 18
- നമ്മെ നയിച്ചവർ 19
  - ശ്രീവിദ്യ കെ.ജി.

# എഡിറ്റോറിയൽ



● മനോജ് ടി. ജി.

സംസ്ഥാന സമ്മേളന മുഖചിത്രങ്ങളും വിശകലനങ്ങളും വിവിധ സെഷനിലെ പൗഢമായ സദസ്സുകളും നിറഞ്ഞ ഒരു അവതരണമാണ് പുതിയ വോളിയത്തിന്റെ ആദ്യ ലക്കമായി എത്തിക്കുന്നത്. സംഘടനയെ നയിക്കാൻ പുതിയ മുഖങ്ങൾ എത്തി, പുതിയ മുഖം എന്നു പറഞ്ഞു കൂടാ സ്ഥാനങ്ങൾ അവരിലൂടെ ഇത്തവണ കടന്നുപോവുന്നു. ഓരോ വ്യക്തിയും കണ്ടും അനുഭവിച്ചും ആത്മസമർപ്പണം നടത്തിയും വിവിധ തലങ്ങളിൽ പ്രവർത്തിച്ച് സ്വന്തം കടമകളെക്കുറിച്ച് ഒരു സാധരണകളിൽ എത്തിയിട്ടുണ്ടാവും. അതിനാൽ സമീപനങ്ങളിലും വേഗതയിലും അവതരണത്തിലും കാഴ്ചപ്പാടിലും മാറ്റം വരും. നീണ്ട 70 വർഷത്തോളം ആകാറാവുന്നു കെജി പി എ നിലവിൽ വന്നിട്ട്. എത്രയോ പേർ നമ്മെ നയിച്ചു. പൂർവ്വസൂരികളുടെ കറകളഞ്ഞ പ്രവർത്തന മിടുക്കിൽ നിലനിൽക്കുകയും നിരവധി നേട്ടങ്ങൾ ഉണ്ടാക്കുകയും ചെയതു നമ്മൾ.

സംഘടനാ പ്രവർത്തനങ്ങൾ വഴിപാടുപോലെയാവുന്ന വർത്തമാനകാലഘട്ടത്തിലെ കാഴ്ചകളാണ് പല മേഖലയിലും കാണുന്നത്. കീഴടങ്ങിയും ഒച്ച കുറുക്കിയും ഉറക്കം നടിച്ചു ഒന്നിനും ഇല്ലാതെ പോവുന്ന അക്ഷരക്കൂട്ടങ്ങളായി പലരും നിലനിൽക്കുന്നു.

അതിനിടയിലും കൃത്യമായി ജില്ലാ സമ്മേളനങ്ങളും സംസ്ഥാന സമ്മേളനവും നടത്തി കാലാകാലങ്ങളിലെ വെല്ലുവിളികൾ ഏറ്റെടുത്ത് വിപ്ലവകരമായ നേട്ടങ്ങൾ ഉണ്ടാക്കികൊടുത്ത് കെ ജി പി എ മുന്നോട്ട് പോവുകയാണ്. ശമ്പള പരിഷ്ക്കരണ നേട്ടങ്ങളും പുതിയ തസ്തികകളും സമയക്രമം അനുസരിച്ച് പ്രൊമോഷനുകളും, വിപുലപ്പെടുന്ന പൊതു ആരോഗ്യമേഖലയിൽ മുഖ്യസ്ഥാനങ്ങളും നേടി കൊടുത്ത് അംഗങ്ങളിൽ മതിപ്പുളവാക്കി നമ്മൾ മുന്നേറുന്നു,,,

ജോലിയുടെ വെല്ലുവിളികൾ പേറേണ്ടി വരുന്ന പുതിയ തലമുറക്ക് വേണ്ട നേതൃത്വപരിശീലനങ്ങളും ട്രസ്സ് മാനേജ്മെന്റ് പ്രോഗ്രാമുകളും പല ജില്ലകളിലും പൂർത്തിയായി. സംഘടനാ പ്രവർത്തന ഫണ്ടിൽ നിന്ന് തന്നെ നമ്മൾ കലണ്ടറും ബുള്ളറ്റിനും സൗജന്യമായി നൽകുന്നു. കോടതി വഴിയായോ നിവേദനങ്ങളായോ മറ്റ് ഏത് നീക്കുപോക്കിലൂടെയും അംഗങ്ങളുടെ അവകാശങ്ങൾക്ക് ആയി പൊരുതുന്നു.

കുടുംബാരോഗ്യകേന്ദ്രം, അതിന്റെ സമഗ്രതയിൽ തന്നെ മരുന്ന് കേന്ദ്രങ്ങളായി മാറുമ്പോൾ കലവറ നിറക്കുവാൻ അക്ഷീണം പ്രവർത്തിക്കുന്നവരായി നമ്മൾ വാഴ്ത്തപ്പെടണം.

ഉപകരണങ്ങളുടെ ലഭ്യതയിലും മറ്റും കൂടാതെ മരുന്ന് വിതരണത്തിലെ കാലതാമസത്തിനും ലോക്കൽ ഫണ്ടുകളുടെ വലിയ വർദ്ധനവിലും നമ്മൾ പിടിച്ചു നിൽക്കുകയാണ്. മാനസികമായും സാമ്പത്തികമായും മറ്റ് പരിഗണനകൾ നൽകിയും ഓരോ ഫാർമസിസ്റ്റിന്റെയും മുഖത്ത് പുഞ്ചിരിയും മനസിൽ സമാധാനവും നിറക്കാൻ നമുക്കെല്ലാതെ കെ ജി പി എക്ക് അല്ലാതെ ആർക്കാണ് പറ്റുക.

# പ്രസിഡന്റിന്റെ സന്ദേശം



**ഡി. എൻ. അനിത**

# വനിതാശാക്തീകരണം കെ.ജി.പി.എ.യിൽ

സംഘടനയുടെ സംസ്ഥാന പ്രസിഡണ്ട് സ്ഥാനത്തേക്ക് നിർദ്ദേശിക്കപ്പെട്ടപ്പോൾ അഭിമാനം തോന്നി. ഒരു വനിത ഇതുവരെയുള്ള നമ്മുടെ പ്രവർത്തനചരിത്രത്തിൽ സംസ്ഥാന പ്രസിഡണ്ട് ആയിട്ടില്ല. ആരും ആരെയും മാറ്റി നിർത്തിയതൊന്നുമല്ല. അങ്ങിനെ സംഭവിച്ചില്ല അത്ര തന്നെ.

എഴുപതിറ്റാണ് പൂർത്തീകരിക്കാൻ സംഘടനക്ക് ഇനി അധികമില്ല. എത്രയോപേർ ഇരുന്ന കസേരയാണ് എനിക്കായി കണ്ണൂർ ഒഴിച്ചിട്ടത്. പ്രമുഖമായ പൊതുസംഘടനാ തലപ്പത്തുപോലും വനിതകൾ സാരഥ്യം ഏറ്റെടുത്ത ഓർമകൾ അധികം ഇല്ല. സംസ്ഥാനത്ത് ഒരു വനിതാ മുഖ്യമന്ത്രിയും വന്നിട്ടില്ല.

ജീവിതത്തിന്റെ തിരക്കിൽ കുടുംബബന്ധങ്ങൾ കോർത്ത് എടുക്കാൻ തിരക്ക് കൂട്ടുന്ന കുംടുംബിനികൾക്ക് സംഘടനാ പ്രവർത്തനങ്ങൾ എന്നും മാറ്റിവെക്കപ്പെട്ട ഒന്നായിരുന്നു. അണികളായി അവസാനിച്ചുപോയ എത്രയോ സ്ത്രീകൾ. കഴിവുകൾ ഇല്ലാഞ്ഞിട്ടല്ല പകരത്തിന് അടുക്കളയിലോ, മക്കളുടെ അടുത്തോ ആരും ഉണ്ടായില്ല എന്ന കാരണം അടുത്ത കാലം വരെ കേട്ടു. അതിനൊക്കെ മുൻപേ പൊതുരംഗത്ത് വന്നാൽ പൊട്ടിതകർന്നുപോവുന്ന സാമൂഹിക അന്തരീക്ഷത്തിനകത്ത് നമ്മൾ പൊതിഞ്ഞുവച്ചു പെൺമനസുകളെ.

വനിതകൾ നിരവധി തസ്തികകളിൽ കെ ജി പി എയെ നയിച്ചിട്ടുണ്ട്. അനി കുമാരിയും സരസ്വതിയും മേരീസും ഉൾപ്പെടെയുള്ളവർ നയിച്ചിരുന്ന പ്രസ്ഥാനം. ഇന്ന് ശ്രീവിദ്യയും ശുഭയും മറ്റു ചിലരും ചേർന്ന് പാരമ്പര്യം തുടർന്നു പോവുന്നു. സംവരണത്തിന്റെ തോതിൽ ഉൾപ്പെട്ടവരല്ല ഇവരൊന്നും, മറിച്ച് പ്രവർത്തനത്തിന്റെ മികവിൽ ഉയർന്നുവന്നവർ. ജന.സെക്രട്ടറി സ്ഥാനമോ പ്രസിഡണ്ട് സ്ഥാനമോ പക്ഷെ ഇവർക്ക് ലഭിക്കാതെ പോയി.

ഇവരാണ് എന്റെ ഗുരുക്കന്മാർ. വീടും സ്ഥാപനവും സംഘടനക്കും സ്വന്തം സൗകര്യങ്ങൾക്കുമിടയിൽ നിന്ന് ഫാർമസിസ്റ്റുകൾ എന്ന മേൽവിലാസത്തിന് ഉയിരേകിയവർ. ഇന്ന് നമുക്കിടയിൽ 80 ശതമാനത്തോളം സ്ത്രീകളാണ്. സിവിൽ സർവീസ് മേഖലയിൽ സ്ത്രീകളുടെ കടന്നുവരവ് കൊടുമ്പിരികൊണ്ടിരിക്കുന്ന കാലത്താണ് ഈ സംസ്ഥാന പ്രസിഡണ്ട് എന്ന നിയോഗം എന്നെത്തേടിവന്നത്. തലസ്ഥാനത്ത് നിവസിക്കുന്നു എന്നതും പഴയ പ്രസിഡണ്ടിന്റെ ഒപ്പം നിന്ന് സക്രിയമായി പല സംഘടനാവിഷയങ്ങളിൽ ഏർപ്പെട്ടതും ഗുണകരമായി വിലയിരുത്തപ്പെട്ടു എന്ന് തോന്നുന്നു.

കെജിപിഎക്ക് വനിതാ വിഭാഗം എന്ന ആശയത്തിന് അധികം പഴക്കമില്ല. അർച്ചനയുൾപ്പെടെയുള്ളവർ നേരത്തെ സൂചിപ്പിച്ചവർ കൂടാതെ കല വൈ. പവിത്രൻ ഉൾപ്പെടെയുള്ളവർ അതിനകത്ത് കൂട്ടായ്മകൾക്കും ശാക്തീകരണത്തിനും ശ്രമിച്ചു, ഓരോ വർഷവും ദേശീയ വനിതാ ദിനങ്ങൾ കൊണ്ടാടി. വേറിട്ട പരിപാടികൾ നടത്തി. കഴിഞ്ഞ വർഷം കാഴ്ചവെച്ച പോലെ മൂല്യവത്തായ ഒന്ന് സംഭവിച്ചിട്ടില്ല തന്നെ.

ദിവ്യ എസ് അയ്യർ ഉദ്ഘാടനം ചെയ്ത പരിപാടി മനസിൽ നിന്ന് മായാതെനിൽക്കുന്നു. സജീവമായ രണ്ട് ദിനങ്ങൾ എന്നും ഓർമയിൽ നിൽക്കും. കേരളത്തിലെ എല്ലാ ജില്ലകളിൽ നിന്നും പതിവിൽ കവിഞ്ഞ പങ്കാളിത്തം വന്നു. സജീന അൽത്താഫ് നടത്തിയ ക്ലാസ് തുടങ്ങി വിവിധ സ്ത്രീരത്നങ്ങൾ അന്ന് വനിതാ ദിനം അവിസ്മരണീയമാക്കി. കൂട്ടായ്മകൾക്ക് വിജയം ഉണ്ടങ്കിൽ അത് അന്നായിരുന്നു.

എനിക്ക് തോന്നുന്നു, ഒരു സർവീസ് സംഘടനയും കെജിപിഎ കഴിഞ്ഞ വനിതാ ദിനത്തിൽ നടത്തിയ പരിപാടി പോലെ ഒന്ന് നടത്തി കാണില്ല. അതിൽ മുഖ്യപങ്ക് മറ്റുള്ളവർക്കൊപ്പം വഹിക്കാൻ എനിക്ക് സാധിച്ചു,,, അത് പുതിയ നിയോഗത്തിന് എന്നെ മാനസികമായി പ്രാപ്തയാക്കുന്നു.

നിലവിലെ ജോലിഭാരം മാനസികമായി തളർത്തുന്ന ഒന്നാണ് എല്ലാവർക്കും. ആലങ്കാരികമായി പറഞ്ഞാൽ പുരുഷൻ പിന്നീട് റസ്റ്റ് തേടുമ്പോൾ പരമ്പരാഗതമായി പിൻതുടർന്നു പോവുന്ന കുടുംബ തിരക്കിലേക്ക് സ്ത്രീകൾ പിന്നിട്പ്രവേശിക്കേണ്ടിവരുന്നു. തുല്യതയുടെ തീണ്ടലുകൾ എത്തി നോക്കാത്ത ഇടങ്ങളായി കുടുംബാന്തരീക്ഷം ഇന്നും നിലനിൽക്കുന്നു എന്ന യാഥാർത്ഥ്യത്തിന് മുന്നിൽ പകച്ചു നിൽക്കുന്ന സ്ത്രീപക്ഷകൾ മാനസികമായി കരുത്തരാവേണ്ട കാലം നമ്മളെ വിളിക്കുകയാണ്.




മരുന്നു മണം തൂവുന്ന സ്ത്രീയായി നമ്മൾ നിലകൊള്ളുമ്പോൾത്തന്നെ മറഞ്ഞു നിൽക്കാതെ മുന്നോട്ട് നടന്ന് പുതിയ കാലം ആവശ്യപ്പെടുന്ന തിരുത്തലുകൾക്ക് കൂടി തയ്യാറാവുക.

തൃശൂർ, മലപ്പുറം, എറണാകുളം, കോഴിക്കോട്, കാസർഗോഡ് ജില്ലകളിലൊക്കെ ജില്ലാ തലത്തിൽ സ്ത്രീകൾ മുന്നിൽനിന്നു പ്രവർത്തിക്കുന്നു. പിൻഗാമികളെ സൃഷ്ടിക്കൽ ഒരു നിയോഗമായി ഞാനും ഏറ്റെടുക്കുന്നു, തയ്യാറാവുക നമ്മൾ.

**സ്റ്റോർ വെരിഫിക്കേഷൻ ഓഫീസർ തസ്തിക – കാസർഗോഡ് ജില്ലയ്ക്ക് അവഗണന**




**RAJEEV**
PSK
W&C Hospital, Kanhangad



അഭിലാഷ് ജയറാം

# ആർദ്രം... പൂർത്തീകരിക്കാത്ത പ്രതീക്ഷകൾ

സംഘടനയുടെ ഒരു സമ്മേളനം കൂടി പൂർത്തിയാക്കി പുതിയ വർഷത്തിലേക്ക് കടന്നു. നാളിതുവരെ പല തട്ടുകളിൽ സംഘടനയോടൊപ്പം നടന്നിട്ടുണ്ട്. 2006-ൽ കോട്ടയം ജില്ലയിൽ നിന്ന് മെമ്പർഷിപ്പ് സ്വീകരിച്ച് ജില്ലാ കമ്മറ്റിയംഗമായി പ്രവർത്തനം ആരംഭിച്ച് ജില്ലാ സെക്രട്ടറി, പ്രസിഡന്റ് സ്ഥാനങ്ങളിൽ നിരവധി വർഷങ്ങൾ പ്രവർത്തിച്ചാണ് ഇന്ന് ഇവിടം വരെ എത്തിയത്. സംഘടനാ പ്രവർത്തനത്തിൽ ബാലപാഠങ്ങൾ പറഞ്ഞുതന്ന ഒട്ടനവധി പേരുണ്ട്. എങ്കിലും ശ്രീ. ഇ.വി. രാജേന്ദ്രൻ സാർ, ശ്രീ എം.പി ശിവദാസ് സാർ, ശ്രീ കെ.എം മുരളീധരൻ, ശ്രീ സിബി കുര്യൻ എന്നിവരെ മറക്കാൻ കഴിയില്ല.

സംസ്ഥാന ട്രഷറർ, സെക്രട്ടറി, സെക്രട്ടേറിയേറ്റ് അംഗം, സംസ്ഥാന കമ്മറ്റിയംഗമായും കെജിപിഎയെ അടുത്തും അകലെ നിന്നും നോക്കിക്കണ്ടു. അതിന്റെ നിർണ്ണായകരമായ മുഹൂർത്തങ്ങളിൽ ഓരം ചേർന്നല്ല മുന്നിൽ നിന്ന് ശരിയെന്നുതോന്നുന്ന കാര്യങ്ങൾക്കുവേണ്ടി പലപ്പോഴും വീറോടെ വാദിച്ചു, തർക്കിച്ചു, പൊതുനന്മകൾക്ക് വേണ്ടി ഒത്തൊരുമക്ക് സംഘടനയ്ക്ക് വേണ്ടി പല വിട്ടുവീഴ്ചകളും ചെയ്തു.

സംഘടനക്ക് ആസ്ഥാനമന്ദിരം എന്ന ആശയപൂർത്തീകരണത്തിനായി മറ്റുള്ളവരോടൊപ്പം ഓടി നടന്നു. ഫാർമസിസ്റ്റുകൾക്ക് അഭിമാനമായി 'കെ.ജി.പി.എ ഭവൻ' എന്ന സ്വപ്നം, സാക്ഷാത്കരിക്കുന്നതോടപ്പം അതിനുവേണ്ടി ഒട്ടനവധി പ്രവർത്തനങ്ങൾ ഏറ്റെടുക്കുവാനും, ഭാഗമാകാനും കഴിഞ്ഞു. പലർക്കും സന്ദേഹമായിരുന്നു, ഇത്രയേറെ തുക ഒപ്പിച്ചു അനന്തപുരയിൽ ഇത് നടക്കുമോ എന്ന്. സംസ്ഥാന ഭാരവാഹികളായിരുന്ന ശ്രീ. വിജയകുമാർ, ശ്രീ. സദാനന്ദൻ, ശ്രീ. മനോജ് എം.കെ., ശ്രീ മനോജ് കുമാർ എം.എസ്, ശ്രീ.പ്രേമാനന്ദൻ, ശ്രീ. രാജേഷ് കുമാർ, ശ്രീ കെ.എം മുരളീധരൻ, ശ്രീ. ഇ.വി രാജേന്ദ്രൻ, ശ്രീ. എ.എൻ സുനിൽ, ശ്രീ. പ്രദീപ് കുമാർ എന്നിവരോടത്ത് പ്രവർത്തിക്കുവാനും, അവർ പകർന്ന് നൽകിയ അറിവുകൾ, പ്രവർത്തനരീതികൾ സംഘടനാ പ്രവർത്തന രംഗത്ത് മുതൽ കൂട്ടാകും എന്നതിൽ സംശയമില്ല.

കഴിഞ്ഞ ശമ്പള പരിഷ്ക്കരണം വന്നപ്പോൾ സംഘടനപ്രവർത്തനം സമാനതകൾ ഇല്ലായിരുന്നു. വലിയ കമ്മറ്റിക്ക് മുമ്പിൽ അവതരിപ്പിക്കാൻ ഗൃഹപാഠം ചെയ്തു നിരവധി പേർ, അതിന്റെ ഭാഗമാവാനും സാധിച്ചു.

ആർദ്രം ആരംഭിച്ചപ്പോൾ അധിക ഫാർമസിസ്റ്റ് തസ്തിക ഇല്ലാതെ ഫാമിലി ഹെൽത്ത് സെന്ററുകൾ പ്രവർത്തനം ആരംഭിച്ചപ്പോൾ ഫാർമസിസ്റ്റ് തസ്തിക ഉൾപ്പെടുത്തുവാൻ നടത്തിയ കൂട്ടായ പ്രവർത്തനത്തിലൂടെ ഫാർമസിസ്റ്റ് തസ്തിക കൂടി പാറ്റേണിൽ ഉൾപ്പെടുത്തുക വഴി ആദ്യഘട്ടത്തിൽ 150 തസ്തികളും, രണ്ടാം ഘട്ടത്തിൽ വിവേചനപരമായി നമ്മെ ഒഴിവാക്കുകയും പിന്നീട് നടന്ന പ്രവർത്തനങ്ങൾ, ഹൈക്കോടതി നിയമനടപടികൾ മൂന്നാം ഘട്ടത്തിൽ 250 തസ്തിക ലഭിക്കുന്ന സാഹചര്യമുണ്ടായി. മുന്നാം ഘട്ടത്തിൽ ആർദ്രം തസ്തിക അനുവദിക്കുന്ന പാറ്റേൺ നമ്മൾക്ക് അനുകൂലമായി മാറി. ഇന്ന് ഒട്ടനവധി സ്ഥാപനങ്ങളിൽ രണ്ട് പേരായി, പല സ്ഥാപനങ്ങളിലും അധികമായി താൽക്കാലികമായി ഫാർമസിസ്റ്റുമാരെ നിയമിക്കുന്ന സാഹ

ചര്യം ഉണ്ടായി. ഇനിയും മേജർ സ്ഥാപനങ്ങളിൽ ഫാർമസിസ്റ്റോർ കീപ്പർ, സ്റ്റോർ സുപ്രണ്ട്,അധിക ഫാർമസിസ്റ്റ് തസ്തികകൾ, ഫാമിലി ഹെൽത്ത് സെന്ററുകൾക്കായി പരിഗണനയിലുള്ള 288 തസ്തികൾ, സി.എച്ച്.സി-കളിൽ ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർ, ഫാർമസിസ്റ്റ് അധിക തസ്തിക കൾക്കായി കാത്തിരിക്കുന്നു.

ആരോഗ്യ വകുപ്പിലെ ഫാർമസി വിഭാഗം തസ്തികകളുടെ പേര് മാറ്റം, സെപ്ഷ്യൽ റൂൾ, വിവിധ തസ്തികകളുടെ ഡ്യൂട്ടീസ് & റെസ് പോൺസിബിലിറ്റിസ്, സ്ഥാപന തലത്തിൽ ഗ്രേഡ്-1, ഗ്രേഡ് - 2 തസ്തികകളുടെ പുനർക്രമീ കരണം,തുടങ്ങി പൂർത്തികരിക്കേണ്ട ഒട്ടനവധി വിഷയങ്ങൾ.

കുംടുംബാരോഗ്യ കേന്ദ്രങ്ങൾ ജനനിബിഢ മാണ്. മരുന്നുകൾ കൃത്യമായി വെയർഹൗസു കളിൽ ലഭ്യമല്ല. ഫിനാൻസ് ക്യാപ്പിനേക്കാൾ ഏറെ ലോക്കൽ പർച്ചേസ് വേണ്ടിവരുന്നു. അത് ഉയർത്തുന്ന ജോലി ഭാരം, ലയബിലിറ്റികൾ, ഫയൽ കണക്ക്, കാരുണ്യവഴിമരുന്നുകൾ ആരൊക്കെ ഇടപെട്ടിട്ടും സമയബന്ധിതമായി ലഭിക്കുന്നില്ല. ഒരു സാമ്പത്തിക വർഷം പകുതി യായിട്ടും 25-26 വർഷത്തേക്ക് നാലിലൊന്ന് മരുന്നുപോലും ലഭിച്ചിട്ടില്ല. വിതരണത്തിനായി വാഹനങ്ങളുടെ കുറവ്, ഉപയോഗ്യശൂന്യമായ മരുന്നുകൾ സ്ഥാപനത്തിൽ നിന്ന് മാറ്റുന്നതിന് കാലതാമസം, ഇങ്ങനെ ഒട്ടനവധി വിഷയങ്ങൾ.

KMSCL ആസ്ഥാനത്തേക്ക് ഒരു സമരമുഖം നമ്മൾ തുറക്കേണ്ടിയിരിക്കുന്നു.

ആരോഗ്യ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ ഡെന്റൽ കോളേജുകളിൽ മരുന്ന്, സ്റ്റോർ എന്നിവ പരിപാലിക്കാൻ ഫാർമസിസ്റ്റുകൾ ഇല്ല, 1961 ലെ സ്റ്റാഫ് പാറ്റേൺ പ്രകാരം പോലും ഫാർമസിസ്റ്റു മാരില്ലാത്ത മെഡിക്കൽ കോളേജുകൾ 600 കോടിയോളം തുക മെഡിക്കൽ കോളേജുകൾക്ക് മരുന്ന് വാങ്ങാൻ വേണം. പക്ഷെ ഏറ്റവും ഉയർന്ന തസ്തിക അവിടെ സ്റ്റോർ സൂപ്രണ്ടാണ്. അതിനും അപ്പുറം, എ.ഡി.പി.എസ്, സ്റ്റോർ വേരി ഫിക്കേഷൻ ഓഫിസർ, സ്റ്റോർസ് ഓഫീസർ തസ്തികകൾ, പരിഹാരം തേടേണ്ടത് നിരവധി കാര്യങ്ങൾക്ക് ആണ്. ഇൻസുഷറൻസ് വകു പ്പിൽ മരുന്ന് വിതരണത്തിയായി വാഹനങ്ങൾ ലഭ്യമല്ല, റീജിയണൽ സ്റ്റോറുകളിൽ മരുന്നുണ്ട് പക്ഷെ സാധാരണക്കാർക്ക് എത്തിക്കാൻ വണ്ടി യില്ല. ഇനിയും നവീകരിക്കേണ്ട സ്റ്റോറുകളും ഫാർമസിയും ആണ് തൊഴിൽ വകുപ്പിന് കീഴി ലെ സ്ഥാപനങ്ങളിൽ.

കേരളത്തിൽ ഉയർന്ന യോഗ്യതയുള്ള ഒട്ടന വധി ഫാർമസിസ്റ്റുമാർ ജോലി ചെയ്യുന്നുണ്ട്. താലൂക്ക് ആശുപത്രി മുതൽ ക്ലിനിക്കൽ ഫാർമ സിസ്റ്റ് തസ്തികകൾ ഉണ്ടാക്കേണ്ടതിന്റെ ആവ ശ്യകത ഊന്നി പറയുന്നു.

ഫയൽ ഫോളോപ്പിനായി എല്ലാ ആഴ്ചയും തലസ്ഥാനത്ത് പോവണം. നിരന്തരമായ പ്രവർ ത്തനങ്ങൾക്ക് ഒടുവിലാണ് പല ഫയലുകളിലും തീരുമാനം വരുന്നത്.

ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ എന്ന പേരിൽ സബ് സെന്ററുകൾ വികസിച്ചു,പലതരം പ്രവർത്തനങ്ങൾ അവിടെ പരിശോധനാ രൂപത്തിലും ടെസ്റ്റായും നടക്കുന്നു. മരുന്നുകളും എൻ.സി.ഡി ക്ളിനിക്കുകളും സബ് സെന്റർ വഴി നടത്തപ്പെടണം, നിലവിലുള്ള ബഹു ഹൈക്കോ ടതി വിധി, ഫാർമസി ആക്ട് സെഷൻ 42 അടി സ്ഥാനത്തിൽ ഫാർമസിസ്റ്റുമാരെ നിയോഗിച്ച് ആയുഷ്മാൻ ആരോഗ്യ മന്ദിർ വഴി ജീവിതശൈ ലീരോഗ മരുന്ന് വിതരണം ആരംഭിക്കുക വഴി നമ്മുടെ FHC കളിലെ തിരക്ക്, ജോലിഭാരം, ലഘൂകരിക്കാനാകും.

ശമ്പള പരിഷ്ക്കരണ, ചർച്ചകൾ കമ്മറ്റികൾ എന്തൊക്കെ കേട്ടു തുടങ്ങി,കഴിഞ്ഞ തവണത്തെ അനോമലികൾ പരിഹരിച്ചില്ല, സ്റ്റോർ സൂപ്രണ്ട് തസ്തികയിൽ ലഭിച്ചിരുന്ന ഫിക്സ് സേഷൻ നഷ്ടപ്പെട്ടു, ഇ.എസ്.ഐ വകുപ്പിൽ അനുപാതം 1:1, മറ്റ് ആവശ്യങ്ങൾ, അടുത്ത പരിഷ്ക്കരണ ത്തിൽ കഴിഞ്ഞ തവണ ലഭിച്ച നേട്ടം നിലനിർ ത്തണം, ഉയർന്ന തസ്തികളിൽ പുതിയ സെക് യിലുകൾ, ബേസിക് സെക് യിൽ ഉയർത്തണം .

തുടരാം നമുക്ക് പ്രവർത്തനങ്ങൾ ഒത്തൊരു മിച്ച് കൂടുതൽ മികച്ച നേട്ടങ്ങൾക്കായി കാത്തി രിക്കാം.



# കണ്ണൂരിൽ നിന്ന്... കരിമ്പനകളുടെ നാട്ടിലേക്ക്

**മനോജ്, തൈത്തറ**
ഫാർമസി ബുള്ളറ്റിൻ എഡിറ്റർ

**67**-ാമത് സംസ്ഥാന സമ്മേളന വേദി വീതി യേറിയ പാതക്കരികിൽ തിളങ്ങി നിന്നു. പാവ പ്പെട്ടവന്റെ വിപ്ലവവീര്യം പേറിയ എത്രയോ ജാഥ കൾ ഈ വഴി കടന്നു പോയിരിക്കണം. വർഗ്ഗ രാഷ്ട്രീയം വിജയം വരിച്ച എത്രയോ മുദ്രാവാക്യ ങ്ങൾ ഈ മണ്ണിൽ അലിഞ്ഞ് ചേർന്നിരിക്കണം.

ചേംബർ ഓഫ് കൊമേഴ്സ് ഹാളിന് മുൻ വശം മറ്റൊരു മുദ്രാവാക്യമുയർന്നു. പഴയ നേതാ ക്കളുടെ ഓർമകളിൽ നിന്ന് ഉശിരുകൾ ഉയർന്നു. വത്സരാജും വിജയൻ ചേട്ടനും അടിയോടി സാറും പകർന്ന ഉണർവോടെ സംസ്ഥാന പ്രസി ഡന്റ് വിജയകുമാർ സമ്മേളന പതാക വാനിലു യർത്തി. വടക്കൻ മലബാറിന്റെ മണ്ണിൽ കെജിപിഎ യുടെ കൊടികൾ പാറാൻ തുടങ്ങി. ഫാർമസിസ്റ്റുകൾ കൂട്ടമായി വന്നു ചേർന്നു. കണ്ണൂരിന്റെ കവാടങ്ങളിൽ അപ്പോഴും നഗരം തിരക്കിലായിരുന്നു.

മെയ് 9 വെള്ളിയാഴ്ച കണ്ണൂർ നഗരത്തിൽ സർക്കാർ ഔദ്യോഗിക പരിപാടികൾ പലതുണ്ടാ യിരുന്നു. ക്ഷണിക്കപ്പെട്ട മന്ത്രിമാർ സമയക്രമം പാലിച്ചല്ല വന്നത്. മരുന്നുകളുടെ മേഖലയിലെ സൂത്രധാരൻമാരുടെ സമ്മേളനത്തിൽ പക്ഷെ അവരാരും എത്താതെ പോയില്ല,,

പതിറ്റാണ്ടുകൾ സംഘത്തോട് ചേർന്നു പ്രവർത്തിച്ചവർക്ക് സംസ്ഥാന സമ്മേളനം സമു ചിതമായ യാത്രയയപ്പ് നൽകി. മുൻ കണ്ണൂർ മേയർ ടി.ഒ. മോഹനൻ ഉദ്ഘാടനം നിർവഹിച്ച് പറഞ്ഞത്, ഫാർമസിസ്റ്റുകളുടെ നിലയും, വിലയും സമൂഹത്തിന് മനസിലാക്കിക്കൊടു ക്കേണ്ട ചുമതല ഈ സമ്മേളനം ഏറ്റെടുക്കണം എന്നായിരുന്നു.

സംസ്ഥാന പ്രസിഡണ്ട് എസ് വിജയകുമാർ, സ്റ്റേറ്റ് വൈസ് പ്രസിഡണ്ട്, എം വി മണികണ് ഠൻ, സംസ്ഥാന കമ്മറ്റി അംഗങ്ങളായ പ്രകാശ്, രതീശൻ തുടങ്ങിയവർക്ക് വേണ്ടിയാണ് യാത്ര യയപ്പ് സമ്മേളനം സംഘടിപ്പിച്ചത്,.

യാത്രയയപ്പ് സമ്മേളന വേദിയിലലങ്കിലും കണ്ണൂരിലെ ആരാധ്യപുരുഷനും പുരാവസ്തു വകുപ്പ് മന്ത്രിയും ആറ് പതിറ്റാണ്ടിന്റെ രാഷ്ട്രീയ ശോഭയുമുള്ള മന്ത്രി കടന്നപ്പള്ളി രാമചന്ദ്രൻ ഇവർക്കുള്ള മൊമന്റോകൾ കൈമാറി,,

നിരവധി മുൻകാല നേതാക്കൾ ആശംസാ വാചകങ്ങളിൽ ഇവരുടെ നേട്ടങ്ങൾ പ്രശംസ യായി ചൊരിഞ്ഞു. സംസ്ഥാന പ്രസിഡണ്ട് എന്ന നിലയിൽ സംഘടനാ വളർച്ചയിൽ വിജയകുമാ റിന്റെ പങ്ക് പ്രത്യേകം എടുത്തു പറഞ്ഞു. മുൻ ജന.സെക്രട്ടറി പ്രേമാനന്ദന് ഒപ്പം, ശമ്പള പരി ഷ്ക്കരണത്തിലെ നേട്ടങ്ങൾക്ക് നിദാനമായി നിന്നതും മനോജ് കുമാർ എം.എസി നൊപ്പം പ്രവർത്തിച്ച് അധിക തസ്തികകൾ കുടുംബാ രോഗ്യ കേന്ദ്രങ്ങളിൽ നേടി തന്നതും വിലയിരു ത്തപ്പെട്ടു. ESI വിഭാഗം ഒറ്റക്കെട്ടോടെ KGPA ക്ക് പിന്നിൽ ഉറച്ച് നിർത്തി അവകാശങ്ങൾ ചോ ദിച്ച് വാങ്ങിയ പാരമ്പര്യതികവിൽ മണികണ്ഠൻ മികച്ച പ്രവർത്തകൻ ആയിരുന്നു എന്ന് ഏവരും പുകഴ്ത്തി. 98 മുതൽ മുടക്കാതെ സംസ്ഥാന സമ്മേളനം കൂടുന്ന ഒരാൾ.

വെല്ലുവിളികളിൽ കുരുങ്ങാതെ ഒരു ജില്ലയെ ഒറ്റക്കെട്ടായി നടത്തി എന്ന വിശേഷണത്തിൽ

ഏവരും പ്രകാശ് സാറിനെ അഭിനന്ദിച്ചു. കരക ളഞ്ഞ ഒരു സംഘടനാ നേതാവാണ് പ്രകാശ്.

സ്ഥാനമാനങ്ങൾ മോഹിക്കാതെ കെ ജി പി എക്ക് ഒപ്പം വളർന്ന മികച്ച പ്രവർത്തകനാണ് രതീശൻ.

ഉച്ചക്ക് മുൻപെ സെമിനാർ ആരംഭിച്ചു. ഔഷധ മേഖലയിലെ പ്രശ്നങ്ങൾ, 'ഗുണമേന്മ യുള്ള മരുന്നുകൾ പ്രതീക്ഷയും, പ്രതിസന്ധി കളും' ആധികാരികമായി തന്നെ വിശകലനം ചെയ്യുന്ന ഒരു സെഷൻ സമ്മേളനത്തിൽ പ്രത്യേ കം ഒരുക്കിയത് നന്നായി. ഒരു പ്രൊഫഷണൽ സംഘടന ഇതുമായി ബന്ധപ്പെട്ട് ഒരു സെമിനാ റോടെ സമ്മേളനം നടത്തുമ്പോൾ അത് മേഖല യോടും നാടിന്റെ ഭാവിക്കും വേണ്ട കരുതൽ കൂടിയാണ്. മോഡറേറ്റർ ആയ മുൻ ഫാർമസി കൗൺസിൽ പ്രസിഡണ്ട് കെ സി അജിത് കുമാർ സമഗ്രമായി വിഷയം അവതരിപ്പിച്ചു. മുൻ കൃഷിമന്ത്രിയും, കഴിഞ്ഞ നിയമസഭയിലെ ആരോഗ്യ കാര്യകമ്മറ്റി മെമ്പറുമായ വി.എസ്. സുനിൽകുമാറാണ് ഉദ്ഘാടനം ചെയ്തത്,,

വിഷമില്ലാത്ത ഭക്ഷണം മികച്ച ആരോഗ്യ സുരക്ഷക്ക് വേണം എന്ന ആ മുഖത്തോടെ യാണ് പ്രഭാഷണം തുടങ്ങിയത്, വിഷമില്ലാത്ത ഭക്ഷണമുണ്ടങ്കിൽ വൃത്തികെട്ട രോഗങ്ങൾ ഇല്ല എന്ന കാഴ്ചപ്പാട് നമ്മൾ മുറുകെ പിടിക്കണം. മരുന്നുകൾക്ക് ഗുണമേന്മ ഇല്ലങ്കിൽ കമ്പനിയെ തന്നെ നിരോധിക്കുന്ന നിയമങ്ങൾ തയ്യാറാവുന്ന തായി അറിയിച്ചു. അതിനായി ഡ്രഗ് കൺട്രോൾ വകുപ്പ് നാം ശക്തിപ്പെടുത്തണം. ജനറൽ നാമം എഴുതാൻ തയ്യാറാവാത്ത ഡോക്ടർമാരെ നിലക്ക് നിർത്താൻ സമൂഹം തയ്യാറാവണം. പണം മോഹിച്ച് മരുന്നെഴുതുന്ന ഡോക്ടർമാർ ജന ങ്ങളെ കൊള്ളയടിക്കുന്നവരാണ്. മികച്ച മരുന്ന് രോഗികളുടെ അവകാശമാണ് എന്ന കാഴ്ചപ്പാട് സർക്കാർ ഉയർത്തിപ്പിടിക്കണം.

വിഷയം അവതരിപ്പിച്ച് സംസാരിച്ചത് കോഴി ക്കാട് മെഡിക്കൽ കോളോജ് ഫാർമസി വിഭാഗം പ്രൊഫസർ മഞ്ജു സി.എസ്. ആയിരുന്നു. ഇന്ത്യ ലോകത്തിന്റെ ഫാർമസിയാണ്. ആ നിലയിൽ രാജ്യത്തെ ഫാർമസി വിദ്യാഭ്യാസ മേഖല കൂടുതൽ നവീകരിക്കണം, ജനറിക് മരു ന്നുകൾ ലോകത്ത് 80 ശതമാനവും ഇന്ത്യ നിർമി ക്കുന്നു, ഗുണമേന്മാ നിയമങ്ങൾ കാര്യക്ഷമമാ ക്കണം എന്നാവശ്യത്തോടെയാണ് മേഡം സംഭാഷണം അവസാനിപ്പിച്ചത്.

സ്റ്റേറ്റ് ഡ്രഗ് കൺട്രോൾ വിഭാഗത്തെ പ്രതിനി ധീകരിച്ച് സുദീപ് സാറും സംസാരിച്ചു ദൈനം ദിന ഫാർമസി സർവീസിൽ ഗുണനിലവാരം കാത്തുസൂക്ഷിക്കുന്നതിൽ ഫാർമസിസ്റ്റുകൾക്ക് വലിയ പങ്കുണ്ടെന്നു പറഞ്ഞു. കെ ജി പി എ സെക്രട്ടേറിയേറ്റ് മെമ്പറായ ഡോ. ഡിവൈൻ പി ഡാനിയേൽ ഫാർമസി അനുഭവങ്ങൾ വിവരിച്ചു. മരുന്നുകൾ ഫ്രീസ് ചെയ്യുന്നതിനും റിലീസ് ആവുന്നതിനും ഇടയിലെ രസകരമായ അനുഭ വങ്ങൾ കുടഞ്ഞിട്ടു.

സായാഹ്നത്തിൽ പ്രതിനിധി സമ്മേളനം ആരം ഭിച്ചു. സമയം വൈകി എത്തിയ കണ്ണൂരിലെ യുവ ജനനേതാവും, എം.എൽഎയുമായ കെ.വി സുമേഷാണ്, എത്തുമെന്ന് കരുതിയ മന്ത്രിക്ക് പകരം സമ്മേളനം ഉദ്ഘാടനം ചെയ്തത്. ലഹ രിയുടെമേൽ ഫാർമസി സമൂഹം ജാഗ്രതയോടെ യിരിക്കണമെന്ന് ആശംസിച്ചു, പ്രത്യേകിച്ചും മരുന്ന് വിതരണത്തിൽ.

അദ്ധ്യക്ഷപ്രസംഗത്തിൽ സംഘടന നൽ കിയ 66 നിവേദനങ്ങളെപറ്റി വാചാലനായി പ്രസിഡണ്ട് വിജയകുമാർ. ഇടപെട്ട മേഖലയിലെ വൈവിധ്യം വെളിപ്പെടുത്തി. ചർച്ചകളിൽ വിമർ ശനങ്ങളിലൂന്നി മുന്നോട്ട് പോവണം. അച്ചടിച്ച് നൽകിയ റിപ്പോർട്ട് നിവർത്തി വച്ച് ഏവരും വാ യിച്ചു കേട്ടു. വാചാലമായി പറയാതെ പോയന്റു കൾ അണിനിരത്തി ഒരു രാത്രി മുഴുവൻ വായിച്ച് മനസിലാക്കാൻ സമയം നൽകി ജില്ലകളുടെ ചർ ച്ചകൾ നാളെ രാവിലെ തുടങ്ങാം എന്ന് പറഞ്ഞു.

സുവനീർ പ്രകാശനം ഇതിനിടയിൽ നടന്നു. പഴയ നേതാവും ഫാർമസി ബുള്ളറ്റിൻ ദീർ ഘകാലം എഡിറ്റർ സ്ഥാനം വഹിച്ച കണ്ണൂരിൽ നിന്നുള്ള പവിത്രൻ സർ ബുള്ളറ്റിൻ ഏറ്റുവാങ്ങി. സംഘടനയുടെ കാഴ്ചപ്പാടുകൾ, വിവരണങ്ങൾ സർഗ്ഗവാസനകൾ, അറിയിപ്പുകൾ, സംഘടനാ ചരിത്രം, ഫാർമസൂട്ടിക്കൽ സൊസൈറ്റി ആവിർ ഭാവം ഇതിനാലൊക്കെ സമ്പന്നമാണ് സുവനീർ.

ആശംസ നേരാനായി ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് രത്നകുമാരി രാവിലെ എത്തിയി രുന്നു. കണ്ണൂരിൽ നടക്കുന്ന ഫാർമസി സമ്മേള

നത്തിൽ പങ്കെടുക എന്നത് ഏത് തിരക്കിലും നീക്കിവെക്കേണ്ട ഒന്നല്ല എന്ന് പറഞ്ഞ് എല്ലാ ആശംസകളും നേർന്നാണ് അവർ മടങ്ങിയത്.

എല്ലാ ജില്ലകളിൽ നിന്നും പ്രതിനിധികൾക്ക് സംസാരിക്കാൻ പത്ത് മിനിട്ട് പ്രസീഡിയം അനുവദിച്ച. പക്ഷെ പലരും വേണ്ടത്ര നിലവാരം ചർച്ചകൾക്ക് കൊടുത്തില്ല. പൊതു വിഷയങ്ങളിൽ ഊന്നി ഫാർമസിസ്റ്റുകളുടെ പരാധീനത പറഞ്ഞു പലരും. ESI, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഇവയിൽ നിന്നും ഉള്ള വിഷയങ്ങൾക്ക് പ്രത്യേക സമയം നൽകി

ഫാർമാറാലി പുതുമയായിരുന്നു ഒരുപാട് ജാഥകൾ ഇരച്ചുപാഞ്ഞ കണ്ണൂരിൽ പതാകയും പ്ലാക്കാർഡും പേറി യൂണിഫോമിട്ട ഫാർമസിസ്റ്റുകൾ നടന്നു. സർക്കാർ മേഖലയിലെ നമ്മുടെ ആവശ്യങ്ങൾ നിരത്ത് കീഴടക്കി.

പ്രമേയ കമ്മറ്റി മുൻപാകെ പുതിയ ആവശ്യ പത്രികകൾ നിറഞ്ഞു, ഭാവിയുടെ പ്രവർത്തന മേഖലകളിലേക്ക് വെളിച്ചം വീശിയതായിരുന്നു ഉള്ളടക്കങ്ങൾ.

കണക്കുകൾ സവിസ്തരം രേഖയായി ഏവർക്കും നൽകി ട്രഷറർ അഭിലാഷ് ചർച്ചകളിലെ ചോദ്യങ്ങൾക്ക് കൃത്യമായി മറുപടി നൽകി. പൊതുചർച്ചകൾക്ക് വിശാലമായ കാഴ്ചപാടിൽ നിന്നും ചെയ്ത കാര്യങ്ങളുടെ അഭിമാനബോധ്യങ്ങളിൽ മുറുകെ പിടിച്ചും മറുപടി നൽകി. ജന. സെക്രട്ടറി മനോജ് കുമാർ എം.എസ്. കഴിഞ്ഞ 5 വർഷം നൽകിയ പിന്തുണക്ക് നന്ദി പറഞ്ഞു.

സാഹിത്യ രംഗത്ത് ശോഭിച്ച് അവാർഡുകൾ ഏറ്റുവാങ്ങിയ ബുള്ളറ്റിൻ എഡിറ്റർ മനോജ് തൈത്തറ, സെക്രട്ടേറിയേറ്റ് അംഗം ശ്രീലേഷ് എന്നിവർക്ക് മൊമന്റോ നൽകി സമ്മേളനം അവരെ പ്രശംസിച്ചു. മന്ത്രി കടന്നപ്പള്ളി രാമചന്ദ്രനാണ് ഇരുവർക്കും പുരസ്ക്കാരം നൽകിയത്.

ഉച്ചഭക്ഷണശേഷം തിരഞ്ഞെടുപ്പ് വേദിയുണർന്നു. മേൽനോട്ടം വഹിച്ച് പാനലുകളെ ക്ഷണിച്ച് മണികണ്ഠൻ സർ ജോലി കുറ്റമറ്റതാക്കി തീർത്തു. പ്രസിഡണ്ടും, സെക്രട്ടറിയും ഒഴിഞ്ഞു. പുതിയ സാരഥികൾ നിരന്നു. ഇദംപ്രഥമമായി സംസ്ഥാന പ്രസിഡണ്ട് സ്ഥാനത്തേക്ക് ഒരു വനിത കടന്നു വന്നു. പ്രവർത്തകരുടെ ആവേശമായി ഡി. എൻ. അനിത ചുമതലയേറ്റു, ഭൂരിപക്ഷ സിദ്ധാന്തത്തിന്റെ ചിരികളും സ്നേഹവും ഏറ്റുവാങ്ങി അവർ ഇനി കെ ജി പി എയെ നയിക്കും. ജന. സെക്രട്ടറി സ്ഥാനത്തേക്ക് അഭിലാഷ് ജയറാം എത്തി. അർഹതപ്പെട്ട സ്ഥാനം. പുതിയ ആശയങ്ങൾ അവതരിപ്പിച്ച് ഫാർമസി ഭവൻ അടക്കം പൂർത്തീകരിക്കപ്പെട്ട ലക്ഷ്യങ്ങൾക്ക് ചുക്കാൻ പിടിച്ച കരങ്ങളിൽ ഇനി സംഘടന ചലിക്കും. മണികണ്ഠനും,, വിജയകുമാറും നീക്കിയിട്ട കസേരകളിൽ ശ്രീലേഷും, ശുഭയും എത്തിച്ചേർന്നു.

അടുത്ത സമ്മേളന ജില്ലയായി പാലക്കാട് തിരഞ്ഞെടുത്തു. അടുത്ത വേനലിൽ ചുവന്ന കൊടികളിൽ വെളുത്ത അക്ഷരമായി കെ ജി പി എ കരിമ്പനകളുടെ നാട്ടിൽ പാറണം.

ഒന്നാം ദിവസം രാത്രിയുടെ ഘോഷങ്ങളെ പറയാതെ കണ്ണൂർ പൂർത്തിയാവില്ല. പാട്ടും നൃത്തങ്ങളും തുടിച്ച് നിന്ന രാത്രി. സ്വന്തംപ്രവർത്തകർ തന്നെ വേണ്ടത്ര കലാകാരന്മാരായും കലാകാരികളായും ഈ രാത്രിയെ വർണ്ണ വിസ്മയമാക്കുന്നു. തെയ്യവും തുടിയും വടക്കൻപാട്ടുകളും, വിപ്ലവ ഈരടികളും മുദ്രാവാക്യങ്ങളും മുഴങ്ങിയ കണ്ണൂരിന്റെ തട്ടകത്ത് കെ ജി പി എയുടെ സമ്മേളനം വിസ്മയമായി വിരിഞ്ഞു. തിരക്കുകളാട് വിടപറഞ്ഞ് വന്നവർ വിപ്ലവത്തിന്റെ മണ്ണിൽ സന്തോഷങ്ങൾ പെയ്തു കൂട്ടി. പയ്യാമ്പലത്തിലെ തിരകൾ പാട്ട് ഏറ്റുപാടി. സെന്റ് ആഞ്ചലോ കോട്ടയുടെ കവാടങ്ങളിൽ ചരിത്രം ഉറങ്ങിക്കിടക്കുന്ന നേരത്ത്, വത്സരാജിന്റെയും വിജയൻ ചേട്ടന്റയും, അടിയോടി സാറിന്റെയും ഈ മണ്ണിൽ പരാജയപ്പെടാത്തവരുടെ വീര്യം ഉണർന്നിരിക്കുകയായിരുന്നു. ഏക സംഘടനയുടെ കൊടി നോർത്ത് മലബാർ ചേമ്പർ ഓഫ് കോമേഴ്സ് ഹാളിന് പുറത്ത് വേനൽക്കാറ്റിൽ പാറി കൊണ്ടിരുന്നു. ഇടിമുഴക്കങ്ങൾ മാനത്ത് നിന്ന് പൊട്ടിവീണു. ആവേശത്തിന്റെ പൂരം ഫാർമസിസ്റ്റുകളുടെ ചുവടുകളിൽ മഴയായി പെയ്തു. മരുന്നുകളുടെ മണമുള്ള കൈകൾകൊണ്ട് ഞങ്ങൾ മുദ്രാവാക്യം മുഴക്കും. മാനവ സേവയുടെ ചരിത്രത്തിൽ ഫാർമസിസ്റ്റ് എന്ന നാമം എഴുതിച്ചേർക്കും.




ഭാഗം 2

**എം. കെ. പ്രേമാനന്ദൻ**
(മുൻ ജനറൽ സെക്രട്ടറി KGPA)



**ജില്ലാ മെഡിക്കൽ സ്റ്റോറുകളുടെ ആവിർഭാവം**

കേരളത്തിലെ ഒന്നാമത് ഇ. എം. എസ് മന്ത്രി സഭയുടെ കാലത്ത് ഡോ. എ. ആർ. മേനോൻ ആരോഗ്യ വകുപ്പ് മന്ത്രിയായിരിക്കെ, ആരോഗ്യ വകുപ്പിൽ ജില്ലാ മെഡിക്കൽ സ്റ്റോറുകൾ (DMS) ആരംഭിക്കാൻ തീരുമാനിച്ചു. ജില്ലകളിലെ ആരോഗ്യ സ്ഥാപനങ്ങളിലേക്കുള്ള മരുന്ന് വിതരണം കാര്യക്ഷമമാക്കുകയായിരുന്നു ഇതിന്റെ പ്രധാന ലക്ഷ്യം. അന്നുനിലവിൽ ഉണ്ടായിരുന്ന ആകെ 10 ജില്ലകളിലും DMS-കൾ തുടങ്ങാൻ നടപടികൾ ആരംഭിച്ചപ്പോൾ തന്നെ അതിന്റെ ചുമതല വഹിക്കേണ്ട തസ്തികക്ക് അവകാശ വാദവുമായി സെക്രട്ടറിയേറ്റ് സർവീസിൽ നിന്നുൾപ്പെടെ ഏറെപേർ അണിയറയിൽ നീക്കങ്ങൾ തുടങ്ങി. അഡ്മിനിസ്ട്രേഷൻ ചുമതല കൂടി ഉള്ളതിനാൽ ഫാർമസിസ്റ്റുമാർ ഇതിന് യോഗ്യരല്ലെന്നും, മിനിസ്റ്റീരിയൽ വിഭാഗമാണ് വേണ്ടതെന്നുംവാദമുയർന്നു.

ജില്ലാ മെഡിക്കൽ സ്റ്റോറുകൾ വരുമ്പോൾ ന്യായമായും നമുക്ക് ലഭിക്കേണ്ട സ്ഥാപന മേധാവിയുടെ തസ്തിക ആശങ്കയുടെ നിഴലിൽ ആയപ്പോൾ KGPA നേതാക്കൾ രംഗത്തിറങ്ങി. അവർ ആരോഗ്യ മന്ത്രിയെ നേരിട്ട് കണ്ടു വസ്തുതകൾ ബോധ്യപ്പെടുത്താൻ അദേഹത്തിന്റെ ഔദ്യോദികവസതിയിൽ ചെന്നു. മന്ത്രി സ്ഥലത്തില്ല എന്നും ഇന്ന് കാണാൻ സാധിക്കില്ല എന്നും അദേഹത്തിന്റെ പേർസണൽ സ്റ്റാഫ് അറിയിച്ചു. ഈ തസ്തിക തട്ടിയെടുക്കാൻ ഗൂഢാലോചന നടത്തിയവർ അവിടത്തെ ജീവനക്കാരെയും പാട്ടിലാക്കിയിരുന്നു. എന്നാൽ KGPA നേതാക്കൾക്ക് പരിചയം ഉണ്ടായിരുന്ന അവിടുത്തെ ഒരു ജീവക്കാരൻ, രഹസ്യമായി മന്ത്രി അകത്തുണ്ട് എന്നും, രാത്രി മൂന്നാറിലേക്ക് പോകാനായി പുറത്തിറങ്ങുമെന്നും നേതാക്കളെ അറിയിച്ചു. നേതാക്കൾ ഗാർഡനിൽ മറവിലേക്കു മാറി ഏറെനേരം ക്ഷമയോടെ കാത്തുനിന്നു.

രാത്രിയിൽ മന്ത്രി, വസതിയിൽ നിന്നും കാർ പോർച്ചിലേക്ക് ഇറങ്ങിയപ്പോൾ നേതാക്കൾ ഓടിച്ചെന്നു അദേഹത്തിന്റെ മുന്നിലെത്തുകയും നിവേദനം നൽകി സംസാരിക്കുകയും ചെയ്തു. ഈ സമയത്തും തന്നെ വന്ന് കണ്ട ഫാർമസിസ്റ്റുകളുടെ പ്രവർത്തിയിൽ അദ്ദേഹം തെല്ലന്നു ആശ്ചര്യപ്പെട്ടു. അപ്രതീക്ഷിതമായി മന്ത്രിയുടെ മുന്നിലെത്തിയ KGPA നേതാക്കളെ കണ്ട് ഉദ്യോഗസ്ഥർ വിഷണ്ണരായി. മന്ത്രി നിവേദനം വായിക്കുകയും, വിവരങ്ങൾ ചോദിച്ചറിയുകയും ചെയ്തു. ഫാർമസിസ്റ്റുകളുടെ ആവശ്യം ന്യായമാണെന്ന് ബോധ്യപ്പെടുകയും, DMS സ്റ്റോർ സൂപ്രണ്ട് തസ്തിക സീനിയർ മോസ്റ്റ് ഫാർമസിസ്റ്റുമാർക്ക് അനുവദിച്ച് ഉത്തരവാക്കാൻ നിർദേശം, ബന്ധപ്പെട്ടവർക്ക് നൽകിയാണ് അദ്ദേഹം പോയത്. അങ്ങനെയൊരു സഹസികമായ ഇടപെടൽ 1957 ൽ KGPA നേതാക്കൾ നടത്തിയതിന്റെ ഫലമായാണ് നിരവധി എതിർപ്പുകൾ പരാജയപ്പെടുത്തി നമ്മുടെ ആദ്യ പ്രമോഷൻ തസ്തികയായ സ്റ്റോർ സൂപ്രണ്ട് DMS എന്ന സുപ്രധാന തസ്തിക ഫാർമസിസ്റ്റുകൾക്ക് ലഭ്യമായത്. സ്റ്റോർ സൂപ്രണ്ട് ജില്ലാ മെഡിക്കൽ സ്റ്റോറുകളുടെ ചുമതലക്കാരൻ മാത്രമായിരുന്നില്ല. അവിടത്തെ ജീവനക്കാരുടെ ഡ്രോയിങ് ആൻഡ്ഡിസ്ബഴ്സിംഗ്ഓഫീസർ കൂടിയായിരുന്നു.

മരുന്നുകൾ ജില്ലാതലങ്ങളിൽ സംഭരിച്ചു സൂക്ഷിക്കാനും ആവശ്യാനുസരണം ജില്ലകളിലെ സർക്കാർ ആശുപത്രികളിലേക്ക് കൃത്യമായ ഇട വേളകളിൽ എത്തിക്കുന്നതിലും DMS-കൾ നിർണ്ണായക പങ്ക് വഹിച്ചു. കലക്രമത്തിൽ 14 ജില്ല കളിലും DMS-കൾ വരികയും, ജീവനക്കാരുടെ എണ്ണവും സൗകര്യങ്ങളുമൊക്കെ വർധിക്കുകയും ചെയ്തു. KMSCL രൂപീകരണം വരെ നീണ്ട അര നൂറ്റാണ്ടുകാലത്തെ DMS കളുടെപ്രവർത്തനവും സേവനങ്ങളും ചരിത്രത്തിന്റെ ഭാഗമാണ്. സ്റ്റോർ സൂപ്രണ്ടിനു കീഴിൽ ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർ, ക്ളർക്ക്, ടൈപ്പിസ്റ്റ്, ഡ്രൈവർമാർ, പാക്കർമാർ തുടങ്ങി നിരവധി ജീവനക്കാരുള്ള ആരോഗ്യ വകുപ്പിന്റെ അഭിമാന സ്ഥാപനങ്ങളായിരുന്നു ജില്ലാ മെഡിക്കൽ സ്റ്റോറുകൾ.

**ഡിപ്ലോമ ഇൻ ഫാർമസി കോഴ്സ് തുടങ്ങുന്നു**

സംസ്ഥാനത്ത് ഡിപ്ലോമ ഇൻ ഫാർമസി (ഡി.ഫാം) കോഴ്സ് തുടങ്ങുന്നത് 1967-ൽ കോഴി ക്കോട് മെഡിക്കൽ കോളേജിലാണ്. 1967 വിവിധ ആവശ്യങ്ങൾ ഉന്നയിച്ചു KGPA നടത്തിയ സെക്രട്ടറിയേറ്റ് സമരത്തിലെ ഡിമാന്റുകളിൽ ഒന്നായിരുന്ന ഇത്. തുടർന്ന് സർക്കാർതലത്തിൽ നടന്ന ഒത്തുതീർപ്പ് ചർച്ചയിൽ ഈ ഡിമാൻഡ് അംഗീകരിച്ചതിനെ തുടർന്നാണ് ആ വർഷം തന്നെ സംസ്ഥാനത്താദ്യമായി ഡി. ഫാം കോഴ്സ് തുടങ്ങിയത്.

**പുതിയ സംഘടനയുടെ പിറവിയും, തിരോധനവും**

മുൻ ഖണ്ഡികയിൽ സൂചിപ്പിച്ച സമരത്തിന്റെ ഫലമായി ആരംഭിച്ച ഡി ഫാം ബാച്ചിൽ പഠനം പൂർത്തിയാക്കിയവർ താമസിയാതെ സർവീസിൽ വന്നു. അതുവരെ സർവീസിൽ ഉണ്ടായിരുന്ന സർട്ടിഫിക്കറ്റ് കോഴ്സുകാരേക്കാൾ വ്യത്യസ്ത രാണ് തങ്ങൾ എന്ന തെറ്റിദ്ധാരണയിൽ 1970 ഇൽ അവർ കേരളാ ഗവണ്മെന്റ് ഡിപ്ലോമ ഫാർമ സിസ്റ്റ്സ് അസോസിയേഷൻ എന്നൊരു സംഘ ടന രൂപീകരിച്ചു പ്രവർത്തനം തുടങ്ങി. ശ്രീ. എം. എൻ.വി. ജി. അടിയോടി, ഇ. വി. കുഞ്ഞമ്മദ് കുട്ടി, കെ. വരദരാജൻ, കെ. എൻ. ഗോപിനാഥൻ എന്നി വരൊക്കെയായിരുന്നു അതിനു നേതൃത്വം നൽകിയത്. എന്നാൽ തങ്ങളുടെ പ്രവർത്തി ഫാർ മസിസ്റ്റുകളുടെ കൂട്ടായ പ്രവർത്തനത്തിന് വില ങ്ങുതടിയാകുന്നതും, ഐക്യം തകർക്കുന്നതും വേഗം തന്നെ അവർ തിരിച്ചറിയുകയും 1970 അവ സാനം പുതിയ സംഘടന പിരിച്ചുവിടുകയും കെ ജി. പി എ യിൽ ലയിക്കുകയും ചെയ്തു.

**കൂടുതൽ ജനകീയമാകുന്നു**

1970-ൽ കോട്ടയത്തുനടന്ന സംസ്ഥാന സമ്മേളനം KGPA യുടെസംഘടനാരൂപങ്ങളിൽ കാതലായ മാറ്റംവരുത്തി കൂടുതൽ ജനകീയ സ്വഭാവം കൊണ്ടുവന്നു. സംഘടനക്ക് സംസ്ഥാ ന, കൗൺസിൽ, ജില്ലാ കൗൺസിലുകൾ, ബ്രാഞ്ച് കമ്മറ്റികൾ എന്നിവ രൂപീകരിക്കാൻ തീരുമാനിച്ചു. പ്രസിഡണ്ടായി ശ്രീ. പി. ജി. വാസുദേവൻ നായരെയും, ജനറൽ സെക്രട്ടറി യായികെ പി. വർക്കിയെയും തെരഞ്ഞെടുത്തു. അവരുടെ നേതൃത്വത്തിൽ സംസ്ഥാനത്തുടനീളം ബ്രാഞ്ചുകമ്മറ്റികൾ രൂപീകരിച്ചു സംഘടനയെ ശക്തമാക്കി. ഇത് KGPA ക്ക് കൂടുതൽ കരുത്ത് പകരുകയും സംസ്ഥാന സർവീസിലെ പ്രമുഖ സംഘടനയായി ഉയർത്തുകയും ചെയ്തു.

(തുടരും.....)

ഫാറൂഖ് താലൂക്ക് ആശുപത്രിലെ ഫാർമസിസ്റ്റ് പ്രിയപ്പെട്ട

ശ്രീമതി ഫാസിലയുടെ

വിയോഗത്തിൽ അഗാധമായ ദുഃഖം രേഖപ്പെടുത്തുന്നു.

ആദരാഞ്ജലികൾ

കെ.ജി.പി.എ സംസ്ഥാന കമ്മറ്റി



# എന്റെ സംഘടനാ ജീവിതം

(തുടർച്ച)





**എസ്. വിജയകുമാർ**
(മുൻ സംസ്ഥാന പ്രസിഡന്റ് KGPA)

സംഘടന വളരെ പ്രതിസന്ധിയിലൂടെ കടന്ന് പോയിക്കൊണ്ടിരുന്ന കാലഘട്ടത്തിലാണ് ഞാൻ പ്രസിഡന്റ് സ്ഥാനം ഏറ്റെടുക്കുന്നത്. ഏത് പ്രതിസന്ധി ആണേലും അതിനെ തരണം ചെയ്യാൻ വലിയ ഒരു പ്രചോദനമായി ആത്മാർത്ഥതയുടെ നിറകുടമായ പ്രേമാനന്ദൻ സാറിനെ പ്പോലുള്ള ഒരു ജനറൽ സെക്രട്ടറിയെ കിട്ടിയത് എനിയ്ക്ക് വലിയ ആശ്വാസമായി. സംഘടനയുടെ ഏറെക്കാലമായിട്ടുള്ള ഒരാവശ്യമായ ആസ്ഥാനമന്ദിരത്തിന്റെ പ്രവർത്തനങ്ങൾ ഏറ്റെടുത്തുകൊണ്ട് മുന്നോട്ടുപോകാൻ ഞങ്ങൾ തീരുമാനിക്കുകയും അതിന്റെ പ്രാരംഭചർച്ചകൾ പുരോഗമിക്കുന്നതിന്റെ ഘട്ടത്തിൽ തന്നെ pay commission - ന്റെ നോട്ടിഫിക്കേഷൻ വന്നതും ഒരുമിച്ചായിരുന്നു. അങ്ങനെ ഇതിൽ ഏതിന് പ്രാധാന്യം നൽകി മുന്നോട്ടു പോകണം എന്നുള്ള ഒരു ആശയകുഴപ്പം ഉണ്ടായ സാഹചര്യത്തിൽ പ്രേമാനന്ദൻ സാറുമായി ആശയവിനിമയം നടത്തിയപ്പോൾ അദ്ദേഹം എനിയ്ക്കു തന്ന ഉപദേശം പ്രാവർത്തികമാക്കാൻ കഴിഞ്ഞത് ഞങ്ങളുടേയും സംഘടനയുടേയും വിജയത്തിന്റെ അടിത്തറയായിരുന്നു. അദ്ദേഹത്തിന്റെ ദീർഘവീക്ഷണത്തോടുകൂടിയുള്ള ഉപദേശം ഇതായിരുന്നു 'നമുക്ക് നല്ലൊരു pay commission നേടിയെടുക്കാൻ കഴിഞ്ഞാൽ (പ്രത്യേകിച്ച് entry scale - ൽ ഒരു hike) ഒറ്റ വെടിയ്ക്ക് രണ്ടു പക്ഷി എന്ന പോലെ രണ്ടും നടക്കും.

അത് ഒരു ചലഞ്ച് ആയി ഏറ്റെടുത്തെങ്കിലും എവിടെ തുടങ്ങണം എന്ന കൺഫ്യൂഷൻ ബാക്കി. അതൊരു കോവിഡ് തുടക്കകാലം ആയിരുന്നു. അതിനാൽ ഓഫീസുകളിൽ restriction ഉണ്ടായിരുന്നെങ്കിലും ഞാനും ശ്രീമതി ഡി.എൻ അനിതയും pay commission ന്റെ വഴുതക്കാട് ഉള്ള ഓഫീസിൽ കാര്യങ്ങൾ മനസ്സിലാക്കാൻ പിറ്റേദിവസം തന്നെ പോകുവാൻ തീരുമാനിച്ചു. അങ്ങനെ KGPA യുടെ ;ay commission ന് മുൻപിൽ സമർപ്പിക്കേണ്ട നിവേദനവുമായി ഞങ്ങൾ പിറ്റേന്ന് രാവിലെ തന്നെ വഴുതക്കാട് ഓഫീസിൽ എത്തി. പരിചയം ഉള്ള ഏതെങ്കിലും ഒരു മുഖം പ്രതീക്ഷിച്ചാണ് പോയതെങ്കിലും ഒന്നും ലഭിച്ചില്ല. അങ്ങനെ ഞങ്ങൾ അത് തപാൽ section-Cൽ സമർപ്പിച്ച ശേഷം മടങ്ങുന്ന വേളയിൽ അതാ കൺമുൻപിൽ ഒരു പരിചയ മുഖം. സെക്രട്ടറിയേറ്റ് ഫിനാൻസ് ഡിപ്പാർട്ടുമെന്റിലെ എന്റെ ഒരു സുഹൃത്ത് അദ്ദേഹം pay commission ലെ അക്കൗണ്ടന്റ് ആയിരുന്നു. മുൻപ് DME യിലെ Store Superintendent മാരുടെ scale ലെ ഒരു anomily ഉണ്ടായിരുന്നതും ഇദ്ദേഹം ആണ് ശരിയാക്കിത്തന്നത്. കൂടാതെ അദ്ദേഹത്തിന്റെ പിതാവിന്റെ കരൾ സംബന്ധമായ അസുഖത്തിന്റെ ചികിത്സയ്ക്ക് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ വന്നപ്പോൾ ഞാൻ നല്ല രീതിയിൽ സഹായിച്ചിരുന്നു. എന്തായാലും ഞങ്ങളെ കണ്ടയുടൻ അദ്ദേഹം കാര്യങ്ങൾ തിരക്കി. ഞങ്ങൾ കൈയ്യിൽ കരുതിയിരുന്ന നിവേദനത്തിന്റെ ഒരു കോപ്പി അദ്ദേഹത്തെ ഏൽപ്പിച്ചു. അത് പഠിച്ച ശേഷം അദ്ദേഹത്തിന് കഴിയുന്ന രീതിയിൽ സഹായിക്കാൻ കഴിയുമോ എന്ന് നോക്കാം എന്ന് നമുക്ക് ഉറപ്പ് നൽകി. Covid സമയം ആയതിനാൽ അന്നത്തെ സംഘടനകളുമായുള്ള discussion online വഴി ആയിരുന്നു. നമ്മുടെ ഭാഗ്യവശാൽ discussion

കമ്മിറ്റിയിൽ ഇദ്ദേഹവും ഉണ്ടായിരുന്നു എന്ന് മാത്രമല്ല നമ്മുടെ പ്രശ്നങ്ങൾ അദ്ദേഹം നന്നായിട്ട് പഠിക്കുകയും ചെയ്തിരുന്നു. അങ്ങനെയാണ് അവസാനം pay commission-ന്റെ റിപ്പോർട്ട് വന്നപ്പോൾ entry scale- ൽ hike ലഭിച്ചു എന്ന് മാത്രമല്ല നമ്മുടെ നിവേദനത്തിലെ ചില പരാമർശനങ്ങൾ അതേപടി റിപ്പോർട്ടിലും ഉണ്ടായിരുന്നു.

കൂടാതെ KGPA യെ സംബന്ധിച്ചിടത്തോളം കഴിഞ്ഞ pay commission ഗുണവും ദോഷവും ഉണ്ടാക്കി എന്ന് പറയുന്നതാവും ശരി. കാരണം store superintendent മാർക്ക് ലഭിച്ചുകൊണ്ടിരുന്ന ഒരു increment കേരളത്തിലെ ആരോഗ്യ വകുപ്പിലെ മൂന്ന് സ്ഥാപനങ്ങളിൽ ഉണ്ടായിരുന്ന non gazeterd store superintendent (Hospital) മാരെ gazeterd store superintendent മാർ ആക്കിയതോടെ മൂന്ന് department-ലും ലഭിച്ചുകൊണ്ടിരുന്ന ആനുകൂല്യം നഷ്ടപ്പെടുകയുണ്ടായി. അത് അവർ നമ്മെ നല്ലതുപോലെ പഠിച്ചത് കൊണ്ടുള്ള നഷ്ടമാണ്. ഇത് ഇനി പരിഹരിക്കണമെങ്കിൽ അടുത്ത pay commission-ൽ മൂന്നിൽ ഒന്ന് PSK മാർക്ക് ഹയർ ഗ്രേഡ് കൊടുക്കണം എന്ന് ആവശ്യപ്പെടണം. എന്തൊക്കെ ആയാലും നമുക്ക് കുഴപ്പമില്ലാത്ത ഒരു pay commission ലഭിക്കുകയും അതിന്റെ ചുവടുപിടിച്ച് ഒരു ആസ്ഥാന മന്ദിരവും ലഭിച്ചു അതാണ് ചരിത്രം....

(തുടരും)

## യാത്രയയപ്പും അനുമോദന യോഗവും



*കണ്ണൂർ ജില്ല*



*കോഴിക്കോട് ജില്ല*



*എറണാകുളം ജില്ല*

# ഫാർമസിസ്റ്റ് അനുഭവക്കുറിപ്പ്





**ശ്രീവിദ്യ കെ.വി.**
ഫാർമിസിസ്റ്റ്,
FHC, കടങ്ങോട്, തൃശൂർ

**തി**രുവനന്തപുരം മെഡിക്കൽ കോളേജിൽ നിന്നും ഫാർമസി കോഴ്സ് പഠിച്ചു വന്നതിനു ശേഷം ജോലി എന്ന സ്വപ്നത്തിന്റെ ആദ്യചുവടുകൾ വെച്ചത് കൂർക്കഞ്ചേരി എലൈറ്റ് മിഷൻ ഹോസ്പിറ്റലിൽ ആണ്. അവിടുത്തെ ജോലിക്കിടയിൽ മനസിൽ നിന്നും മായാതെ ആഴത്തിൽ പതിഞ്ഞുപോയ ഒരു പേരും, മുഖവും ഉണ്ട്.

'പ്രഭിൻരാജ്'! ഇന്നും മനസിലൊരു വേദനയായി അവനുണ്ട്. ഒരു നൈറ്റ് ഡ്യൂട്ടിയിൽ, ആംബുലൻസിൽ ജീവന്റെ ഒരു നേർത്ത മിടിപ്പുമായി കൊണ്ടുവന്നപ്പോൾ ആണ് ആദ്യമായി ഞാനവനെ കണ്ടത്. പിന്നാലെ കരഞ്ഞുകൊണ്ട് പായുന്ന അവന്റെ പ്രിയപ്പെട്ടവരും.

ഐ. സി. യു വിൽ നിന്നും എഴുതികൊടുത്ത മരുന്നുകൾ വാങ്ങുവാൻ വന്ന അവന്റെ സഹോദരനിൽ നിന്നാണ് അവനെകുറിച്ച് കൂടുതലായി അറിഞ്ഞത്. അവരുടെയൊക്കെ പ്രിയപ്പെട്ട കൂടപിറപ്പ്, എല്ലാവർക്കും ഇഷ്ടപ്പെടുന്ന സ്വഭാവം. കമ്പ്യൂട്ടർ എഞ്ചിനീയറിങ് പഠിച്ചു ബാംഗ്ലൂരിൽ ജോലി കിട്ടി പോകുന്നതിന്റെ തലേദിവസം ഫ്രണ്ട്സുമായി കറങ്ങാൻ പോയതായിരുന്നു അവൻ. തിരികെ വരുമ്പോൾ ഒരു ആക്സിഡന്റിന്റെ രൂപത്തിൽ അവനിൽ പീലി നീർത്തിയ ഭാവിസ്വപ്നങ്ങളിൽ കരിനിഴൽ പടർന്നു.

മിഴികൾ തുറക്കാതെ, ഓർമ്മകൾ നഷ്ടപെട്ടു, വെന്റിലേറ്ററിന്റെ സഹായത്തോടെ നിലനിന്നുപോകുന്ന അവനിലെ ജീവന്റെ ചെറിയ തുടിപ്പുകൾ. സാധാരണക്കാരായ അവന്റെ അച്ഛനും, അമ്മയും സ്വന്തമായതെല്ലാം വിറ്റുപെറുക്കി അവനെ ജീവിതത്തിലേക്കു കൊണ്ടുവരാനുള്ള ശ്രമങ്ങൾ. ഉള്ളതെല്ലാം നഷ്ടപ്പെട്ടിട്ടും അവനിൽ അവർക്കൊക്കെ ഒരു പ്രതീക്ഷയാണ്. എന്നെങ്കിലും അവനുവേണ്ടിയുള്ള ഈ കാത്തിരിപ്പിനു ഈശ്വരൻ തിരികെ തരുന്നത് സന്തോഷനിമിഷങ്ങൾ ആയിരിക്കുമെന്നുള്ള ആത്മവിശ്വാസം. കേട്ടറിഞ്ഞ വാക്കുകളിൽ നിന്നും എനിക്ക് അവൻ കൂടെ പിറക്കാതെ പോയ കൂടപിറപ്പിറപ്പായി. എന്റെ പ്രാർത്ഥനകളിൽ അവൻ ഉണ്ടായി തുടങ്ങി. അവന്റെ പ്രിയപെട്ടവരോടൊപ്പം ഞാനും ഈശ്വരൻ അവനിൽ അത്ഭുതം സൃഷ്ടിക്കുന്ന ദിവസത്തിനായി കാത്തിരിപ്പായി.

ഡോക്ടർമാരുടെ കഴിവുകൊണ്ടും, ഈശ്വരന്റെ അനുഗ്രഹംകൊണ്ടും മാസങ്ങൾക്ക് ശേഷം അവൻ കണ്ണുകൾ തുറന്നു. വെന്റിലേറ്ററിന്റെ സഹായമില്ലാതെ ശ്വാസമെടുക്കാൻ തുടങ്ങി. അവയവങ്ങൾ പതുക്കെ പ്രവർത്തിച്ചുതുടങ്ങി. പക്ഷെ അരക്ക് കീഴ്പോട്ടു തളർച്ച ഉണ്ടായി. വീൽചെയറിലായി അവന്റെ ജീവിതം....

ഒരു ഞായറാഴ്ചയിലെ മാതൃഭൂമി വാരാന്തരപതിപ്പിൽ വന്ന ആർട്ടിക്കിൾ നിന്നാണ് പിന്നീട് ഞാൻ അവനെ കുറിച്ച് അറിഞ്ഞത്. ആശുപത്രിയിൽ നിന്നും ഡിസ്ചാർജ് ആയ ശേഷം അവൻ ആദ്യമൊക്കെ മൂകത ആയിരുന്നു. സ്വന്തം കാര്യങ്ങൾക്ക് മറ്റുള്ളവരെ ബുദ്ധിമുട്ടിക്കുന്നതിൽ ഒരു അപകർഷതബോധം അവനിൽ നിറഞ്ഞിരുന്നു. എന്തിനു വേണ്ടി ജീവിക്കുന്നു എന്നൊക്കെ ഒരു തോന്നൽ അവനിൽ ഉണ്ടായി. അതിനിടയിലാണ് അവൻ ഒരു പുസ്തകം വായിക്കാൻ ഇടയായത്. കാൻസറിനെ ചെറുത്തു തോൽപിച്ചു ജീവിതത്തിൽ മുന്നേറിയ ഒരാളുടെ കഥ. എന്തുകൊണ്ടു തനിക്കും അത് സാധ്യമാക്കി കൂടേ എന്നവൻ ചിന്തിച്ചു. സ്വന്തം പരിമിതികളിൽ നിന്നു കൊണ്ടു

തന്നെ ജീവിതത്തെ മുന്നോട്ട് നയിക്കാൻ അവൻ തീരുമാനം എടുത്തു.

സ്വയംസംരഭ പ്രവർത്തനങ്ങൾക്ക് സർക്കാർ അനുവദിച്ചുകൊടുക്കുന്ന വായ്പയുടെ സഹായ ത്തോടെ ഒരു സ്റ്റിച്ചിങ് യൂണിറ്റ് തുടങ്ങി. അത് അവന് കൂടുതൽ മനക്കരുത്തേകി. അവന്റെ പ്രിയപ്പെട്ടവരും കൂടെയുണ്ടായിരുന്നു. തന്നെ പോലെ ജീവിതം വഴിമുട്ടിയവർക്ക് മുന്നിൽ വെളിച്ചമേകി അവൻ ജീവിച്ചു. അവന്റെ സ്റ്റിച്ചിങ് യൂണിറ്റിൽ തന്നെപ്പോലെ ജീവിതത്തിൽ പ്രതീ ക്ഷ നഷ്ടപെട്ടവർക്ക് ജോലി നൽകി അവൻ പുതു ജീവിതമേകി. ഇന്ന് ഈ സ്ഥാപനത്തിനു കീഴിൽ പുതിയ യൂണിറ്റുകൾ ഉണ്ട്. അവിടെ സന്തോഷ ത്തോടെ ജോലിചെയ്ത് ജീവിക്കുന്ന ഒരുപാട് പേരും. സ്വന്തം ജീവിതംകൊണ്ട് മറ്റുള്ളവർക്കു ജീവിക്കാനുള്ള പ്രേരണയും, പ്രത്യാശ നഷ്ടപെട്ട് ഇരുൾവീണ പല ജീവിതങ്ങൾക്കും പ്രകാശമേ കാൻ സ്വയം എരിയുന്ന വിളക്കായി അവൻ തെളിഞ്ഞുനിന്നു.

നഷ്ടപെട്ടിടത്തു നിന്നും ഇന്നവൻ ജീവിത ത്തെ തിരികെ പിടിക്കുകയാണ്. വിധിക്കു മുൻ പിൽ തളർന്നു പോകേണ്ടതല്ല ജീവിതമെന്ന തിരിച്ചറിവ് മറ്റുള്ളവർക്ക് പകർന്നുകൊടുക്കു



കയാണവൻ. വീൽചെയറിലെ ജീവിതം ആയിരു ന്നിട്ടും മനക്കരുത്തോടെ നേരിട്ട് കറുത്ത വർണം മാത്രം വാരി വിതറിയ ജീവിതചിത്രങ്ങളിൽ ഏഴു വർണങ്ങളുടെ കൂട്ടുകൾ പൂശുകയാണവൻ. ജീവിതപരീക്ഷണങ്ങളിൽ തെല്ലോന്നു കാലിടറി യാലും, ആത്മവിശ്വാസത്തോടെ, മനകരു ത്തോടെ മുന്നോട്ട് പോയേ തീരൂ എന്ന തിരിച്ചറി വിന്റെ പാഠങ്ങൾ. തോറ്റുകൊടുക്കുവാൻ അല്ല ജയിച്ചു മുന്നേറുവാൻ ഉള്ളതാണ് ജീവിതമെന്നു എന്നെ ഓർമിപ്പിച്ചു കൊണ്ട് ഇന്നും അവനെന്റെ മനസ്സിൽ നിറഞ്ഞു നിൽക്കുന്നു.

കവിത

# പനിച്ചൂട്

ശ്രീവിദ്യ കെ.വി.




രണ്ട് ചീട്ടുകൾക്കിടയിലെ
രണ്ട് നിമിഷത്തെ
നിശബ്ദതയാണ്,
ഒരു ഫാർമസിസ്റ്റിന്റെ
ഒരു ദിവസത്തെ സജീവത.

മരുന്ന് വെട്ടി വിയർക്കുമ്പോൾ,
പേനയൊന്ന് നിലത്തുവെക്കുമ്പോൾ,
പുസ്തകത്തിൽ കാറ്റൊഴിയുമ്പോൾ,
ഡിസ്പെൻസിംഗ് ടേബിളിൽ നിഴലകലുമ്പോൾ,
നീണ്ട നിശ്വാസത്തിന്റെ ഒരിരമ്പൽ.

മഴക്കാലമില്ലാതെ
മലയാളം പിറക്കുകില്ല,
പനിച്ചൂടിലാണീ
യിടനാഴികൾ വിയർക്കുന്നത്,
പനി കാറ്റിലാണീ,
മനസു വാടുന്നതും.

# കെ.സി. തോമസ്

വ്യക്തിവിശേഷം



**മനോജ് കുമാർ എം.എസ്.**
കെ.ജി.പി.എ. സ്റ്റേറ്റ് വൈസ് പ്രസിഡന്റ്

**ആ** ഒരു കാലത്തെ തോമസ് സർ ഓർത്തെടുത്തു. MBBS കിട്ടിയിട്ടും 'പോകേണ്ട' എന്നു പറഞ്ഞ അമ്മയുടെ വാക്കുകളെ. ഫാർമസി പഠിച്ചാൽ ഒരു വർഷം കഴിഞ്ഞ് ജോലി നേടാം. മകനെ വരുമാനമുറപ്പായ ഒരു കോഴ്സിന് ചേർക്കാൻ താൽപ്പര്യപ്പെട്ട ആ അമ്മ ഇന്നില്ല.

നീണ്ട 36 വർഷം ഫാർമസിസ്റ്റായി ജോലി ചെയ്തത്, സ്റ്റോർ വേരിഫിക്കേഷൻ ഓഫീസറായി പിരിഞ്ഞ കെ.സി തോമസ് പറഞ്ഞ് ചിരിച്ചു. എറണാകുളം ജില്ലയിലെ പിറവിത്തിനടുത്ത് കൂടംകുളം ആണവവൈദ്യുതി നിലയത്തിൽ നിന്ന് കറന്റ് കൊണ്ടുപോവുന്ന വലിയ ടവർ വീടിന് മുകളിലൂടെ പോവുന്നു. 60 സെന്റ് സ്ഥലത്തിലെ ബൈബിൾ വചനങ്ങൾ കൊത്തിയ ഷോ വാളിലേക്ക് നോക്കി ഞാൻ ഇരുന്നു. മഴ പെയ്ത് ഉലഞ്ഞ ഒരു സായാഹ്നത്തിൽ കെ.സി. തോമസ് എന്ന പഴയ KGPA സംസ്ഥാന പ്രസിഡണ്ടിന്റെ വീട്ടിൽ ഏകാന്തതയിൽ ദൈവവചനങ്ങൾ തുടിച്ചു നിന്നു. ഒറ്റപ്പെട്ടലിന്റെ ചുറ്റുപാടിലും സർ സജീവമായ മൂന്നര പതിറ്റാണ്ടിന്റെ ജീവിതം പറഞ്ഞു. ഫാർമസിസ്റ്റ് എന്ന തസ്തികയുടെ വലുപ്പം സ്വയം കണക്കാക്കി നേട്ടങ്ങളിലൂടെ സംഘടനയെ നയിച്ച ഭൂതതകാലം അയവിറക്കി.

എം.എൻ.വി.ജി. അടിയോടി എന്ന അത്ഭുത മനുഷ്യനെപ്പറ്റി ഓർത്തു. വിട്ടുവീഴ്ചകൾ കാട്ടാതെ നേരായ വഴികളിൽ ഫാർമസിസ്റ്റുകൾക്ക് വെളിച്ചമായ കഥ പറഞ്ഞു. കോഴിക്കോട് മെഡിക്കൽ കോളേജിലെ മൂന്നാമത്തെ ബാച്ച് D-Pharm-കാരനാണ് സർ. അടിയോടിയുടെ തൊട്ടുപിറകെ ഫാർമസിസ്റ്റായ ഒരാൾ. തൃശൂർ ജില്ലയിലെ ഇന്നത്തെ മെഡിക്കൽ കോളേജ് സ്ഥിതി ചെയ്യുന്ന മുളങ്കുന്നത്തുകാവ് അന്ന് ടി ബി സാനിറ്റോറിയം ആയിരുന്നു. അവിടത്തെ ഒരു താൽക്കാലിക ജീവനക്കാരനായി കെ സി തോമസ് സർക്കാർ ജീവനം തുടങ്ങുന്നു.

മണ്ണുത്തി കാർഷിക കോളേജിന് മുന്നിൽ 76 ൽ NGO യൂണിയൻ ഉൾപ്പെടെയുള്ളവർ നടത്തിയ സമരത്തിൽ പങ്കെടുത്ത് പിരിഞ്ഞ നേരത്താണ് അടിയോടി സർ കെ സി യെ ശ്രദ്ധിക്കുന്നത്. ഫാർമസിസ്റ്റായ ഒരു ചെറുപ്പക്കാരന്റ ഊർജസ്വലതയെ, ആത്മാർത്ഥതയെ തൊട്ടറിഞ്ഞ അടിയോടി ഫാർമസിസ്റ്റുകളുടെ കാറ്റഗറി സംഘടനയെപ്പറ്റിയൊക്കെ തോമസ് സാറോട് പറഞ്ഞ. അതിൽ പ്രവർത്തിക്കാൻ ആവശ്യപ്പെട്ടു. ആ ഉപദേശം മനസാവരിച്ചാണ് ഞാൻ കെ ജി പി എ ക്കാരൻ ആയത്. തോമസ് സർ പറയുന്നു.

അന്നുതൊട്ട് ഇന്നുവരെ ആ വികാരത്തിന്റെ പുറത്താണ് ഞാൻ എന്റെ സർവീസ് പൂർത്തീകരിച്ചത്. ഇന്നീ വിശ്രമജീവിതത്തിലും ഞാൻ ഫാർമസിസ്റ്റ് എന്ന ഹൃദയവികാരം കൊണ്ടു നടക്കുന്നു. 70-കളിൽ തന്നെ തൃശൂർ ജില്ലാ സെക്രട്ടറിയായി. എറണാകുളം ജില്ലയിലെ പണ്ടപ്പിള്ളി പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ അതിനിടെ സ്ഥിരനിയമനം ലഭിച്ചു. ചുരുങ്ങിയകാലം കൊണ്ട് തന്നെ തീഷ്ണമായ ചിന്താധാരയുമായി ഫാർമസിസ്റ്റുകളെ സംഘടിപ്പിച്ചു. കോമ്പണ്ടർ എന്ന പേര് തിരുത്തി ഫാർമസിസ്റ്റ് എന്ന പേരിനായി പൊരുതി. ജീവിതത്തിന്റെ മുഖ്യപങ്കും കക്ഷി രാഷ്ട്രീയത്തിനെതിരായി നിന്ന് കെ ജി പി എ എന്ന വികാരം ഏറ്റെടുത്തു. അക്കാലത്തെ PSK സൂപ്രണ്ട് സംഘടനയെ കെ ജി പി എയിൽ ലയിപ്പിക്കാൻ മുൻകയ്യെടുത്തു. ശമ്പളവർദ്ധനവിന് വേണ്ടി നിരാഹാരം കിടന്നു. അക്കാലത്ത് പൊതു

മേഖലാ സമരത്തിൽ സംസ്ഥാനത്ത് സമരസ മിതി കൺവീനർ ആയിരുന്നു.

സർവീസിന്റെ തുടക്കം മുതലെ 'അടിയോടി ഫാൻ' ആയിരുന്നു കെ സി തോമസ്, അതിനിട യിൽ ഫാർമസി കൗൺസിൽ മെമ്പറായി. എക് സിക്യൂട്ടിവ് തലത്തിലും പ്രവർത്തിച്ചു... ഫാർമ സിസ്റ്റുകൾക്ക് ഗുണമാവുന്ന ഏത് തലത്തിലും വെല്ലുവിളികൾ ഏറ്റെടുത്ത് പോരാടാൻ തന്നെ പ്രാപ്തൻ ആക്കിയത് അടിയോടി സർ ആണന്ന് ആണയിടുന്നു തോമസ് സർ.

ഫാർമസി കൗൺസിൽ മെമ്പർ ആവാൻ വേണ്ടി കെ ജി പി എ സ്ഥാനം ഉപേക്ഷിക്കേണ്ടി വന്നു സാറിന്. അഞ്ച് വർഷം ഫാർമസി കൗൺ സിലിന്റെ ഭാഗമായി ഏവർക്കും വേണ്ടി പ്രവർ ത്തിച്ചു. സർ നാല് തവണ സംസ്ഥാന ട്രഷറർ ആയി തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. അതിനിടയിൽ ജന. സെക്രട്ടറി സ്ഥാനവും അലങ്കരിച്ചു.

സർവീസിലിരിക്കെ നിരവധി പോരാട്ടങ്ങൾ നമുക്കായി നടത്തിയിട്ടുണ്ട്. ഡോക്ടർക്ക് പകരം ഫാർമസിസ്റ്റ് എന്ന പഴയ കാഴ്ചപ്പാടിനോട് അന്നേ വിയോജിപ്പായിരുന്നു സാറിന്. നമ്മൾ നമ്മൾ ആയി ഇരുന്നാൽ മതി. റിട്ടയർ ആയതിന് ശേഷവും എവിടെയും ജോലി നോക്കിയില്ലേ..... ഞാൻ ചോദിച്ചു. മുഴുവൻ സമയ ഫാർമസിസ്റ്റ് ആകാൻ പറ്റാത്ത തിരക്കുണ്ട് എനിക്ക്. ജോലി യിൽ വിട്ടുവീഴ്ച പാടില്ല,, അതെനിക്ക് സാധ്യ മല്ല,, ഞാൻ അങ്ങിനെ ശീലിച്ചിട്ടില്ല,, ആയതി നാൽ എങ്ങും പോയില്ല. സർ പറഞ്ഞ് നിർത്തി.

ഫാർമസി കൗൺസിൽ മെമ്പർ എന്ന നില യിൽ ഒഴിയേണ്ടിവന്ന കെ ജി പി എ മെമ്പർ എന്ന സ്ഥാനം സർ അവസാന കാലത്ത് ആലപ്പുഴയിൽ വച്ച് തിരികെ മേടിച്ചു. കോട്ടയം SVO എന്ന സ്ഥാനത്ത് നിന്ന് 2010ൽ സർ വിരമിച്ചു. 90-കളിൽ തന്നെതന്നെ NDP ആരോഗ്യ വകുപ്പ് ഭരിച്ച കാലത്ത് മന്ത്രിയായ സുന്ദരേശൻ നായർ നമുക്ക് ADPS തസ്തിക വാഗ്ദാനം നൽകി എന്ന് സർ പറയുന്നു. പക്ഷെ ഉത്തരവ് ഇറങ്ങും മുന്നെ മന്ത്രി രാജിവെച്ച് ഒഴിഞ്ഞു.

പുതിയ മുഖങ്ങളോട് എന്താണ് പറയാനു ള്ളത്, പോരാൻ നേരം ചോദിച്ചു. ഫാർമസിസ്റ്റു കൾക്ക് ഉൾപ്പെടെ ഏവർക്കും കാറ്റഗറി സംഘടന വേണം, നയങ്ങൾ രൂപീകരിക്കാൻ നമ്മളെ ലക്ഷ്യങ്ങളോട് അടുപ്പിക്കാൻ ഒരു കൂട്ടായ്മ വേണം, അതിൽ അടിയുടച്ച് നിൽക്കണം.

90-175 സ്കയിൽ സർവീസ് തുടങ്ങിയ സർ എത്രയോ ജീവിതങ്ങൾ കണ്ടു. എത്രയോ സമരങ്ങൾക്ക് നേതൃത്വം കൊടുത്തു, വിവിധ തലത്തിൽ ഫാർമസിസ്റ്റുകളെ നയിച്ചു. ഫാർമസി കൗൺസിൽ മെമ്പറായി. അടിയോടി എന്ന പ്രതിഭ കണ്ടെത്തിയ ഒരു മുഖം ഇന്നും ആരോഗ്യ ത്തോടെ ഇവിടെയുണ്ട്. ഫാർമസിസ്റ്റ് എന്ന ഹൃദയവികാരം തുടിക്കുന്ന വാക്കുകൾ സർ നിർ ത്താതെ പറയുന്നു. ഓർമകൾ ശുഷ്കിക്കുന്നില്ല. പുതിയ വിശേഷങ്ങൾ ചോദിച്ചറിഞ്ഞു. സംഘ ടനാ പ്രതിനിധികൾ തിരക്കി എത്തിയ സന്തോ ഷം മുഖത്തും വാക്കിലും പ്രതിഫലിച്ചു. 1980-കൾ മുതലേ ഇവാഞ്ചലിക്കൽ പ്രസ്ഥാനത്ത് സർ പ്രവർത്തിക്കുന്ന. സഹോദരങ്ങളിൽ പലരും ഫാർമസിസ്റ്റാണ്. തസ്തികക്ക് കെട്ടുറപ്പ് ഉണ്ടാ ക്കി നൽകിയ മൂന്നര പതിറ്റാണ്ടുകൾ സർ വേഗ ത്തിൽ പറഞ്ഞു തീർക്കുന്നു. അസുഖത്തിന്റ വേവലാതിയിലും ഓർമകൾ പിടിവിട്ട് പോവു ന്നില്ല. പിടിച്ചുകെട്ടിയ കർമ്മപഥങ്ങൾ കൂട്ടിനുണ്ട് സാറിന്. അടുത്ത വരവിൽ ജേർണലുകളും ഫോട്ടോസും പഴയത് തരാമെന്ന് സർ പറഞ്ഞു. അടിയോടി മന്ദിരത്തിൽ നമുക്ക് അവ സൂക്ഷി ക്കാം. 75-ന് മുന്നത്തെ പഴയ സംഘടനാ കാലം പക്ഷെ അനാവൃതമായില്ല. മരിച്ചുപോയവർക്ക് പറയാൻ ഏറെ കാണുമായിരുന്നു. തിരക്കിയിറ ങ്ങാത്ത ഒരു വിഷമങ്ങൾ മഴയിലും ചൂടനായി നിന്നു. ഏഴ് പതിറ്റാണ്ട് എന്നതും പഴയ പ്രവർത്ത നങ്ങളും പ്രവർത്തി പഥവും മൺമറഞ്ഞ് പോയ നേതാക്കളും.

നേട്ടങ്ങളുടെ വലിയ വീഥിയിലേക്ക് വന്ന വഴി കൾക്ക് മുന്നെയും കഥകൾ ഉണ്ടായിരുന്നു, വിയർ പ്പുവീണ ഉപ്പുകാറ്റ് ഞങ്ങളെ തലോടി,, പിറവ ത്തിന്റെ റബർ മരക്കാടുകൾ താണ്ടി തിരിച്ചു പോന്നു. എത്രയോ പേർ നയിച്ച ഒരു പ്രസ്ഥാനം ഇന്നുകളിൽ തിളങ്ങുമ്പോൾ പ്രതിഭകളുടെ ഭൂതകാലവർണ്ണനകൾ ഏറ്റെടുക്കാൻ വന്ന ഒരു ദിനം മനസിൽ തൃപ്തിയായി ചുരുണ്ടുകൂടി.

# കെ.ജി.പി.എ മുൻ സംസ്ഥാന പ്രസിഡന്റ് ശ്രീ. എസ് വിജയകുമാർ സർവ്വീസിൽ നിന്നും വിരമിച്ചു



**കെ.ജി.പി.എ മുൻ സംസ്ഥാന പ്രസിഡന്റ് ശ്രീ. എസ് വിജയകുമാർ** പാരിപ്പള്ളി മെഡിക്കൽ കോളേജ് സ്റ്റോർ സൂപ്രണ്ട് തസ്തികയിൽ നിന്ന് 2025 മെയ് 31 ന് വിരമിച്ചു.

2007 പാലക്കാട് കെ.ജി.പി.എ ജില്ലാ കമ്മറ്റി മെമ്പറായി സംഘടന രംഗത്ത് വരുകയും തുടർന്ന് 2011–ൽ മെഡിക്കൽ കോളേജ് യുണിറ്റിന്റെ കൺവീനർ സ്ഥാനം, തുടർന്ന് ചെയർമാർ സ്ഥാനം, ജോയിന്റ് സെക്രട്ടറി, ജില്ലാ സെക്രട്ടറി, ജില്ലാ പ്രസിഡന്റ്, സംസ്ഥാന കമ്മറ്റിയംഗം പീന്നിട് ഡി.എം.ഇ സബ് കമ്മിറ്റി കൺവീനർ, ചെയർമാൻ സ്ഥാനം ഏറ്റെടുത്തു. തുടർന്ന് 2020 ജനുവരി 20ന് സംസ്ഥാന പ്രസിഡന്റ് സ്ഥാനം ഏറ്റെടുക്കുകയും ഒട്ടനവധി നേട്ടങ്ങൾ അദ്ദേഹത്തിന്റെ കാലഘട്ടത്തിൽ നേടിയെടുക്കുവാൻ കഴിഞ്ഞു.

സംഘടനയ്ക്ക് സ്വന്തമായി അസ്ഥാന മന്ദിരം, ശമ്പള പരിഷ്കരണത്തിൽ അടിസ്ഥാന ശമ്പള സ്കെയിലിൽ ഉണ്ടായ വർദ്ധനവ്, മെഡിക്കൽ കോളേജുകളിൽ ശമ്പള പരിഷ്കരണ അനോമലികൾ, പുതിയ ഫാർമസിസ്റ്റ് തസ്തികകൾ തുടങ്ങി ഒട്ടനവധി നേട്ടങ്ങൾ. കൂടാതെ സംസ്ഥാനതലത്തിൽ സംഘടനയുടെ നെടുംതൂണായി പ്രവർത്തിക്കുവാൻ അദ്ദേഹത്തിന് സാധിച്ചു. അദ്ദേഹത്തിന്റെ റിട്ടയർമെന്റ് സംഘടനയെ സംബന്ധിച്ച്, പ്രത്യേകിച്ച് സംസ്ഥാന തലത്തിൽ പ്രവർത്തിക്കുന്നവർക്ക് കൂടുതൽ സമയം കണ്ടെത്തുന്ന സാഹചര്യം ഉണ്ടാകും.

സിവിൽ സർവ്വീസിലെ അനിവാര്യമായ റിട്ടയർമെന്റിലേക്ക്. വിടുതൽ ചെയ്യുന്നുത് സർക്കാർ സർവ്വീസിൽ നിന്ന് മാത്രം.

***കെ.ജി.പി.എ സംസ്ഥാന കമ്മിറ്റിയുടെ ആശംസകൾ.....***

## സർവ്വീസിൽ നിന്നും വിരമിച്ചവർ



**മേഴ്സി ടി.ഒ.**
എസ്.വി.ഒ.
എറണാകുളം



**രാധിക പി.കെ.**
എസ്.വി.ഒ.
കോഴിക്കോട്



**സന്തോഷ് കുമാർ**
ഇ.എസ്.ഐ.
കൊല്ലം



**ബീന എ.എ.**
എസ്.വി.ഒ
പാലക്കാട്

# നമ്മെ നയിച്ചവർ



**ശ്രീവിദ്യ കെ.ജി.**
ഓഫീസ് സെക്രട്ടറി



**പീ**രുമേട് സമ്മേളനത്തിലാണ് ഇതിന് മുൻപ് ജനറൽ സെക്രട്ടറിയും പ്രസിഡണ്ടും ഒരുമിച്ച് മാറിയത്. അഞ്ചു വർഷങ്ങൾ ഫാർമസിസ്റ്റുകളുടെ സംഘടനാ വർത്തമാനങ്ങളിൽ അവർ നിറഞ്ഞുനിന്നു. പ്രതികൂല രാഷ്ട്രീയ കാലാവസ്ഥയിലും കെജിപിഎ യെ തളരാതെ നിർത്തിയവരായിരുന്നു പ്രസിഡണ്ട് വിജയകുമാറും ജന. സെക്രട്ടറി മനോജ് കുമാർ എം.എസും.

വലിയ നേട്ടങ്ങൾ എന്നു പറയാവുന്നതായി ശമ്പള പരിഷ്ക്കരണത്തിലും കെ ജി പി എ ഭവൻ എന്ന സ്വപ്നം പൂർത്തീകരിക്കാനും അവർക്കായി ഒപ്പം കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ സൃഷ്ടിക്കപ്പെട്ട 250 പുതിയ തസ്തികകളും.

ഒരു ചെറിയ കാറ്റഗറി സംഘടനയാണ് കെജിപിഎ. പൊതു ആരോഗ്യ സംവിധാനത്തിലെ, ആരോഗ്യ വകുപ്പ്, മെഡിക്കൽ വിദ്യാഭ്യാസം പിന്നെ തൊഴിൽ മേഖലയിലെയും പൊതു കൂട്ടായ്മ. ഓരോ മേഖലക്കും പ്രത്യേകമായ ആവശ്യങ്ങൾ ഉണ്ട്. ജോലി സംബന്ധമായും ഉത്തരവുകളുമായി ബന്ധപ്പെട്ടും. എന്നിട്ടും എല്ലാവരെയും പരിഗണിച്ച് തൃപ്തിപെടുത്തി ഒറ്റക്കെട്ടായി നയിക്കാൻ രണ്ടുപേർക്കും സാധിച്ചു.

ഫയൽ ഫോളോപ്പിനും ഇനിയും നേടേണ്ട സ്പെഷ്യൽ റൂൾസ്, ഡ്യൂട്ടി പരിഷ്ക്കരണം ഉൾപ്പെടെ നിരവധി വിഷയങ്ങൾ രാഷ്ട്രീയ, ഭരണ നേതാക്കൾക്ക് മുന്നിൽ അവതരിപ്പിച്ച് അനുകൂലമായ അന്തരീക്ഷം ഉണ്ടാക്കപ്പെട്ടു. ഡെന്റൽ കോളേജുകളിലെ ഫാർമസിസ്റ്റ് തസ്തികകളും ESI മേഖലയിലെ റേഷ്യാ പ്രൊമോഷനുകളും തുടർനടപടിക്കായി അധികാരികൾക്ക് മുന്നിൽ സജീവ പരിഗണനക്കായി എത്തിച്ചിട്ടുമുണ്ട്.

കോടതി വ്യവഹാരങ്ങൾ ഇവർ രണ്ടുപേർക്കും മുന്നെ തുടങ്ങിവച്ചതാണെങ്കിലും അതിൽ കൃത്യമായ നീക്കുപോക്കുകൾ നടത്തിയത് തസ്തിക നിർമ്മാണത്തിന് ഗുണകരമായി. കഴിഞ്ഞ 5 വർഷവും മെമ്പർഷിപ്പ് പ്രവർത്തനങ്ങളും സജീവമായ ജില്ലാ സമ്മേളനങ്ങളും നടത്തി ജില്ലകൾക്ക് പ്രചോദനമായി നിലകൊണ്ടവരാണ് രണ്ട് പേരും.

പ്രവർത്തനങ്ങളിൽ പിന്നോക്കം പോയ ജില്ലകളെ പ്രത്യേകം ശ്രദ്ധിച്ച് മെമ്പർഷിപ്പ് വർദ്ധിപ്പിക്കാനും പുതിയ തലമുറയെ കണ്ടെത്താനും അതീവ ശ്രദ്ധനൽകിയിട്ടുമുണ്ട്.

നിവേദനങ്ങളുടെ വലിയ പരമ്പരകൾ മാത്ര മല്ല അവയിൽ ഫോളോപ്പ് നടത്താനും തിരുവന ന്തപുരം, കണ്ണൂർ സമ്മേളനങ്ങളിൽ സുവനീർ പുറത്തിറക്കി സർഗ്ഗവാസനകളെയും സംഘടനാ വർത്തമാനങ്ങളെയും നേട്ടങ്ങളെയും അഭിസം ബോധന ചെയ്യാനും ശ്രമിച്ചു.

DHS ന് മുന്നിലെ ധർണ്ണയും, സെക്രട്ടേറി യേറ്റ് മാർച്ചും എടുത്തു പറയണം. FIPO യുമായി ചേർന്ന് ഗവർണറെ വരെ പങ്കെടുപ്പിച്ച് ഫാർമ സിസ്റ്റ് ദിനം മികച്ചതാക്കി തീർത്തു. 2025 ലെ വനിതാ ദിനം എന്നും ഓർക്കുന്ന ഒരു വലിയ വിജയമാക്കുന്നതിൽ കെ ജി പി എ വിജയിച്ചു എന്ന് വിലയിരുത്തുമ്പോൾ അതിന്റെ പിന്നാലെ പ്രാണവായുവായും പ്രചോദനമായും സംസ്ഥാന പ്രസിഡണ്ട് വിജയകുമാറും, ജന. സെക്രട്ടറി മനോജ് കുമാറും ഉണ്ടായിരുന്നു.

ഭദ്രമായ സാമ്പത്തിക അടിത്തറ സംഘട നക്ക് നീക്കിവെച്ചാണ് ഇവർ കണ്ണൂരിൽ പടിയിറ ങ്ങിയത്. വിജയകുമാർ റിട്ടയർമെന്റ് ജീവിതത്തി ലേക്കും മനോജ് കുമാർ മറ്റൊരു നിയോഗത്തി ലേക്കും.

വ്യക്തി കേന്ദ്രീകൃതമല്ല ഒരു സംഘടനയും. പക്ഷെ വ്യക്തിമികവിനാൽ അവർ നൽകിയ സേവനങ്ങളെ നന്ദിയോടെ സ്മരിക്കണം. സർ ക്കാർ പണം മരുന്നിനായി നീക്കിവെച്ചത് കൃത്യ മായി സേവനതൽപരയോടെ നൽകുന്ന ഗവ ഫാർമസിസ്റ്റുകൾക്ക് അഭിമാനമായി കെജിപിഎ യെ നയിച്ചവരെ നന്ദിയോടെ ഓർക്കുന്നു. അർഹ തപ്പെട്ടവർക്ക് നേതൃത്വത്തിന്റെ പിടി കൈമാറി അവർ മാറിനിൽക്കുമ്പോൾ അഭിമാനിക്കാം വിജയകുമാറിനും മനോജ്കുമാറിനും നേരോടെ,,, മികവോടെ നേട്ടങ്ങളോടെ സംഘടനയെ നയിച്ചതിന്.

## സർവ്വീസിൽ നിന്നും വിരമിച്ചു



**എം.വി. മണികണ്ഠൻ**
**സ്റ്റേറ്റ് വൈസ് പ്രസിഡന്റ്**



**പ്രകാശ് ജി.**
**(പി.എസ്.കെ. ചെക്കന്നൂർ)**
**സംസ്ഥാന കമ്മിറ്റി അംഗം**



**രതീശൻ കെ.**
**(പി.എസ്.കെ. നീലേശ്വരം)**
**മുൻ സംസ്ഥാന കമ്മിറ്റി അംഗം**

# കണ്ണൂർ സമ്മേളന കാഴ്ചകളിലൂടെ....















































Printed and Published by : Abhilash Jayaram, General Secretary, on behalf of Kerala Government Pharmacists' Association
Printed at Alwaye Press, Aluva, Ph: 0484-2623318, Editor: T G Manoj Ph: 9747594837